# കേരള പഠനം

# മധ്യകാലകേരളം

**Complementary**

**Course for**

**II SEMESTER**

**BA MALAYALAM**

**(CUCBCSS)**

*(2014 Admission)*


**UNIVERSITY OF CALICUT**

SCHOOL OF DISTANCE EDUCATION

Calicut University P.O. Malappuram, Kerala, India 673 635


1006

**UNIVERSITY OF CALICUT**

SCHOOL OF DISTANCE EDUCATION

**STUDY MATERIAL**

**II Semester**

**Complementary Course for**

**BA – MALAYALAM**

# കേരള പഠനം-മധ്യകാലകേരളം

*തയ്യാറാക്കിയത്*

**അനൂപ് ആന്റണി**
അസി. പ്രൊഫസർ
മലയാളം വിഭാഗം
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട്

*Layout:* *Computer Section, SDE*

©
Reserved

**മോഡ്യൂൾ –1**

വിവിധ മതങ്ങൾ - ഇസ്ലാം, ക്രിസ്തുമതം-ശ്രീശങ്കരനും അദ്വൈതവും-ബുദ്ധ-ജൈന-മതങ്ങളുടെ തകർച്ച- ബ്രാഹ്മണാധിപത്യം.

**മോഡ്യൂൾ –2**

നാടുവാഴികളുടെ ഉയർച്ചയും വളർച്ചയും-കോലത്തുനാട്-കൊച്ചി-വേണാട്- കോഴിക്കോട്, അറയ്ക്കൽ രാജവംശങ്ങൾ, കൂടിയാട്ടം, കഥകളി, തുള്ളൽ-ഭക്തിപ്രസ്ഥാനം-ചെറുശ്ശേരി-എഴുത്തച്ഛൻ-പൂന്താനം-അറബിമലയാളം-മുഹിയുദ്ദീൻമാല - കുഞ്ഞായിൻ മുസ്ല്യാർ.

**മോഡ്യൂൾ –3**

പാട്ടും മണിപ്രവാളവും, കേരളീയ ക്ഷേത്രകലകളുടെ ആവിർഭാവം, കൂത്ത്.

**മോഡ്യൂൾ –4**

ജാതി വ്യവസ്ഥയും കേരളസമൂഹവും-മണ്ണാപ്പേടി, പുലപ്പേടി-അയിത്തം-കളരി, അങ്കം, പൊയ്ത്ത്-വടക്കൻ പാട്ടുകൾ- ഉത്സവാഘോഷങ്ങൾ-ഓണം-വിഷു മാമാങ്കം-രേവതി പട്ടത്താനം.

# മോഡ്യൂൾ –1

കച്ചവടത്തിനു വന്നവരോടൊപ്പം പ്രചരിച്ചതും മനഃപൂർവ്വമായി പ്രചരിപ്പിച്ച തുമായ മതങ്ങൾ കേരളത്തിൽ ആദ്യകാലം മുതലേ വേരോടിയിരുന്നു. ഇവിടെയുള്ള രാജാക്കന്മാർ പുലർത്തിപ്പോന്ന മതസഹിഷ്ണുതയും വിവിധ മതങ്ങളുടെ പ്രചാരത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. ആയതിനാൽതന്നെ ബുദ്ധമതം, ജൈനമതം, ക്രിസ്തുമതം, യഹൂദമതം, ഇസ്ലാംമതം തുടങ്ങിയ മതങ്ങൾ അതിന്റെ ഉത്ഭവകാലം മുതൽതന്നെ കേരളത്തിൽ പ്രചരിച്ചു.

## ഇസ്ലാംമതം

ഏഴാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ, അറേബ്യയിൽ പ്രവാചകനായ മുഹമ്മദ് തന്റെ ശ്രേഷ്ഠമായ സന്ദേശം ജനങ്ങൾക്കു നൽകിക്കൊണ്ടിരുന്ന കാലത്തുതന്നെ വ്യാപാരാർത്ഥം ദക്ഷിണേന്ത്യയുടെ പടിഞ്ഞാറേ തീരത്ത് എത്തിയിരുന്ന അറബികൾ അതിവിടെ എത്തിച്ചു എന്ന് മലബാർ മാന്വലിൽ ലോഗൻ ചൂണ്ടിക്കാണിക്കുന്നു. ഈ അറബികൾ നാട്ടുകാരായ സ്ത്രീകളെ വിവാഹം ചെയ്ത് മലബാർ തീരങ്ങളിൽ കുടിപാർക്കുകയും അതുവഴി മാപ്പിളമാരുടെ ഒരു സങ്കരസമുദായത്തിന് അടിത്തറ പാകുകയും ചെയ്തതായി ബുക്കാനൻ നിരീക്ഷിക്കുന്നുണ്ട്. ഒടുവിലത്തെ ചേരചക്രവർത്തിയായ ചേരമാൻ പെരുമാൾ ഇസ്ലാം മതം സ്വീകരിച്ച് മക്കയിലേക്ക് പോയെന്നും അതിനെതുടർന്നാണ് ഇസ്ലാം മതം കേരളത്തിൽ പ്രചരിച്ചതെന്നും ഒരു ഐതിഹ്യം നിലവിലുണ്ട്. ഇസ്ലാം മതം പ്രചരിപ്പിക്കാൻ മാലിക് ഇബ്ൻ ദീനാരും കുടുംബവും കേരളത്തിൽ വരികയുണ്ടായെന്നുമുള്ള കഥയും പ്രചാരണത്തിലുണ്ട്. അവർ ആദ്യത്തെ മുസ്ലീംപള്ളി കൊടുങ്ങല്ലൂരിൽ സ്ഥാപിച്ചു. അത് ചേരമാൻ ജുമാ മസ്ജിദ് എന്ന പേരിൽ അറിയപ്പെടുന്നു. തുടർന്ന് കൊല്ലം, മാടായി, കാസർകോട്, ശ്രീകണ്ഠപുരം, ധർമ്മപട്ടണം, പന്തലായനി, ചാലിയം എന്നിവിടങ്ങളിൽ പള്ളികൾ സ്ഥാപിച്ചു.

കേരളത്തിലെ രാജാക്കന്മാർ അനുവർത്തിച്ച മതസഹിഷ്ണുത മുസ്ലീം സമു ദായത്തിന്റെ പ്രാബല്യത്തിനും പ്രചാരത്തിനും സഹായകമായി. കോഴിക്കോട്ടെ സാമൂതിരിമാർ ഇത്തരത്തിൽ പ്രാധാന്യം അർഹിക്കുന്നു. സാമൂതിരിയുടെ നാവികപ്പടയാളികൾ മുസ്ലീങ്ങളാ യിരുന്നു. അതുപോലെ മാമാങ്കത്തിന് സാമൂതിരി നിലപാടു തറയിൽ എഴുന്നെള്ളുമ്പോൾ കൂടെ നിൽക്കാനുള്ള അവകാശം ഉണ്ടായിരുന്നത് കോഴിക്കോട്ടെ കോയയ്ക്കായിരുന്നു.

പതിനാറാം ശതകത്തിന്റെ ആരംഭം മുതൽ പാശ്ചാത്യശക്തികളുടെ വരവോടെ മുസ്ലീങ്ങൾക്ക് പലതരത്തിലുള്ള കഷ്ടനഷ്ടങ്ങളും അനുഭവിക്കേണ്ടിവന്നു. കാലക്രമേണ സമുദ്രവാണിജ്യത്തിൽ അറബികൾക്കുണ്ടായിരുന്ന ആധിപത്യം നഷ്ടമായി. എന്നാൽ ഹൈദരാലിയുടെയും ടിപ്പുവിന്റെയും കാലത്ത് ദുരിതങ്ങൾക്ക് കുറച്ചൊരു ആശ്വാസമുണ്ടായി. എന്നാൽ മലബാർ കലാപവും ബ്രിട്ടീഷുകാരുടെ മനോഭാവവും മുസ്ലീങ്ങളുടെ ദുരിതം വർദ്ധിപ്പിച്ചു. പിന്നീട് സമുദായത്തിന്റെ സാമ്പത്തിക- സാമൂഹിക-രാഷ്ട്രീയ പുരോഗതി ലക്ഷ്യമാക്കിയുള്ള നിരവധി പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനഫലമായി മുസ്ലീംസമുദായം പുരോഗതിയുടെ പാതയിൽ എത്തപ്പെട്ടു.

## ക്രിസ്തുമതം

ക്രിസ്തുമതം യൂറോപ്പിൽ ഔദ്യോഗികമായി അംഗീകരിക്കപ്പെടുകയോ റോമിലെ മതമായി പ്രതിഷ്ഠ നേടുകയോ ചെയ്യുന്നതിനു മൂന്നു പതിറ്റാണ്ടുമുമ്പ് എ.ഡി. ഒന്നാം ശതക ത്തിൽത്തന്നെ കേരളത്തിൽ പ്രചരിപ്പിക്കപ്പെട്ടു. ക്രിസ്തുശിഷ്യനായ സെന്റ്.തോമസ് എ.ഡി.52–ൽ കൊടുങ്ങല്ലൂരിൽ വന്നുവെന്നും ബ്രാഹ്മണരടക്കമുള്ളവരെ മതപരിവർത്തനം ചെയ്യിച്ചുവെന്നും കണക്കാക്കുന്നു. മാലിയങ്കര, പാലിയൂർ, കോട്ടക്കാവ്, കൊക്കമംഗലം, കൊല്ലം, നിരണം, നിലയ്ക്കൽ എന്നിവിടങ്ങളിലായി ഏഴു പള്ളികൾ സ്ഥാപിച്ചുവെന്നുമാണ് ഐതിഹ്യം. എന്നാൽ ചരിത്രകാരന്മാർ ബഹുഭൂരിപക്ഷവും ഈ ഐതിഹ്യം അംഗീകരിക്കുന്നില്ല.

എ.ഡി. 68-ൽ കൊടുങ്ങല്ലൂരിൽ വന്ന ജൂതന്മാരുടെ വിവരങ്ങളിൽ കൊടുങ്ങല്ലൂരിലെ ക്രൈസ്തവ സമുദായത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. എ.ഡി. രണ്ടാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച അലക്സാൻഡ്രിയൻ വിദ്യാലയാദ്ധ്യക്ഷനായ പാന്തയേനസ് അന്ന് കേരളത്തിൽ പ്രബലമായ ഒരു ക്രിസ്ത്യൻ സമുദായത്തെ കണ്ടതായി പ്രസ്താവിച്ചിട്ടുണ്ട്. ഏ.ഡി. 325-ൽ നിസിയായിൽ വച്ചുകൂടിയ സാർവദേശീയ ക്രൈസ്തവ സമ്മേളനത്തിൽ ഇന്ത്യയുടെ മെത്രാപോലീത്തയും പങ്കെടുത്തിരുന്നു. ഏ.ഡി. 345ൽ കാനായി തൊമ്മൻ എന്ന കച്ചവടപ്രമാണിയുടെ നേതൃത്വത്തിൽ 400 ക്രിസ്ത്യാനികളടങ്ങിയ ഒരു സംഘം സിറിയക്കാർ കേരളത്തിലെത്തി. അവരുടെ പിൻഗാമികളെ ക്നാനായ ക്രിസ്ത്യാനികൾ എന്നു വിളിച്ചുവരുന്നു.

ഇവിടെയെത്തിയ ക്രിസ്ത്യാനികൾ വാണിജ്യരംഗത്ത് പ്രാമാണ്യം നേടുകയും രാജാക്കന്മാരുമായുള്ള സൗഹൃദത്തിന്റെ ഫലമായി ഒട്ടേറെ ആനുകൂല്യങ്ങളും വിശേഷാധികാരങ്ങളും കൈപ്പറ്റുകയും ചെയ്തു. രണ്ടാം ചേരസാമ്രാജ്യകാലത്ത് സ്ഥാണുരവി ചക്രവർത്തിയുടെ ഭരണസമയത്ത് വേണാട്ടിലെ അയ്യനടികൾ തിരുവടി കൾ ചമച്ച തരിസാപ്പള്ളി ചെപ്പേട്, കൊല്ലത്തെ ക്രിസ്ത്യാനികൾക്ക് ഒട്ടനവധി അവകാശങ്ങൾ നൽകിക്കൊണ്ട് ഉണ്ടായതാണ്. 13-ാം നൂറ്റാണ്ടിലെ വീരരാഘവ പട്ടയം അനുസരിച്ച് വീരരാഘവ ചക്രവർത്തി മഹോദയപുരത്തെ ഇരവികോർത്തൻ എന്ന ക്രിസ്ത്യൻ വ്യാപാരിക്ക് ഒട്ടേറെ സ്ഥാനമാനങ്ങൾക്കു പുറമെ മണിഗ്രാമം എന്ന മണിക് സംഘത്തിന്റെ നായകപദവിയും അനുവദിച്ചുകൊടുത്തിരുന്നതായി കാണാം.

സുറിയാനി ഭാഷയിലുള്ള കുർബ്ബാനയാണ് കേരളീയ ക്രിസ്ത്യാനികൾക്കി ടയിൽ ആദ്യകാലം മുതലേ പ്രചാരത്തിലിരുന്നത്. ആയതിനാൽ കേരളത്തിലെ ആദ്യത്തെ ക്രിസ്ത്യാനികളെ സുറിയാനി ക്രിസ്ത്യാനികൾ എന്നു വിളിച്ചുപോന്നു. ആദ്യകാലത്ത് പേർഷ്യൻ ക്രൈസ്തവ സഭയുടെ ആത്മീയ നേതൃത്വത്തിലായിരുന്നു കേരള ക്രൈസ്തവസഭ. ആയതിനാൽതന്നെ അവരുടെ ആരാധനാഭാഷയായ സുറിയാനി ഇവിടെ ആരാധനാഭാഷയായി പ്രചരിക്കുകയും ചെയ്തു. എന്നാൽ മധ്യകാലത്ത് കൊല്ലത്തെത്തിയ ലത്തീൻ ക്രിസ്ത്യൻ മിഷനറിമാർ കേരളത്തിൽ ആരാധനയ്ക്ക് ആദ്യമായി ലത്തീൻ ഭാഷ നടപ്പിലാക്കി. പോർച്ചുഗീസുകാരുടെ വരവും 1599-ൽ ഉണ്ടായ ഉദയംപേരൂർ സുനഹദോസും കേരളസഭയെ ലത്തീൻ സഭയാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. തുടർന്ന് കേരളത്തിലെ ക്രിസ്ത്യാനികളുടെ ഒരു വിഭാഗം പോപ്പിന്റെ അധികാരത്തിൻ കീഴിലായി. എന്നാൽ മറുവിഭാഗം തങ്ങളുടെ സുറിയാനി പാരമ്പര്യത്തിൽ ഉറച്ചുനിൽക്കാൻ തീരുമാനിച്ചു. 1653ൽ മട്ടാഞ്ചേരിയിൽ നടന്ന കൂനൻ കുരിശുസത്യം ഇതിന്റെ പരിണതിയാണ്.

19-ാം ശതകത്തിന്റെ ആരംഭത്തിൽ ഇംഗ്ലീഷുകാർ കേരളത്തിൽ പ്രതിഷ്ഠ നേടിയതോടുകൂടി തെക്കൻ കേരളത്തിൽ എൽ.എം.എസും. മദ്ധ്യകേരളത്തിൽ സി.എം.എസ്.ഉം വടക്കൻ കേരളത്തിൽ ബി.ഇ.എം.എസ്.ഉം മിഷണറി പ്രവർത്തനം നടത്തി. ഇവരുടെ പ്രവർത്തനഫലമായി രൂപം കൊണ്ട സഭ സ്വാതന്ത്ര്യാനന്തരം സി.എസ്.ഐ. സഭ എന്ന പേരിലറിയപ്പെട്ടു. മിഷനറിമാരുടെ പ്രവർത്തനഫലമായി കേരളീയ സുറിയാനി ക്രിസ്ത്യാനികൾക്കിടയിൽ നിന്ന് പുരോഗമനാശയക്കാർ വേർപിരിഞ്ഞു. തങ്ങളുടെ പാരമ്പര്യം കൈവിടാതെ മാറ്റങ്ങളെ ഉൾക്കൊണ്ട് അവർ രൂപം കൊടുത്ത സഭയാണ് മാർത്തോമാ സഭ. തുടർന്നങ്ങോട്ട് പലവിധ കാരണങ്ങ ളാൽ അസംഖ്യം ക്രൈസ്തവ സഭകൾ ഉണ്ടായിട്ടുണ്ട്. കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക രംഗത്തുമാത്രമല്ല സാംസ്കാരിക മേഖലയിലും ക്രൈസ്തവർ മുദ്രപതി പ്പിച്ചതിന്റെ ഉദാഹരണങ്ങളാണ് മാർഗം കളിയും ചവിട്ടുനാടകവും.

**ശ്രീ ശങ്കരനും അദ്വൈതവും**

ഭാരതീയ ദാർശനിക പാരമ്പര്യത്തിന്റെ സമുജ്ജ്വലമാതൃകയും വേദാന്ത പദ്ധതിയുടെ പരമാചാര്യനുമായിരുന്നു ശ്രീശങ്കരൻ. അദ്ദേഹത്തിന്റെ ജീവിതകാലം എ.ഡി. 788–820 ആണെന്നു കണക്കാക്കുന്നു. കാലടിയിൽ ജനിച്ച അദ്ദേഹം നർമദാ തീരത്തെത്തി ഗൗഡപാദരുടെ ശിഷ്യനായ ഗോവിന്ദപാദരെ ഗുരുവായി വരിച്ചു. അദ്ദേഹത്തിൽ നിന്ന് അധ്യാത്മവിദ്യോപദേശം ഗ്രഹിച്ച ശങ്കരൻ കാശിയിലെത്തി. ബ്രഹ്മസൂത്രം, ഉപനിഷത്തുക്കൾ, ഭഗവത്ഗീത എന്നിവയ്ക്കു ഭാഷ്യമെഴുതി. സുദീർഘമായ വാദപ്രതിവാദങ്ങൾക്കായി ഭാരതം മുഴുവനും ചുറ്റി സഞ്ചരിച്ചു. ദിഗ്വിജയത്തിനിടയ്ക്ക് തെക്ക് ശൃംഗേരിയിൽ ശാരദാപീഠവും, കിഴക്ക് പുരിയിൽ ഗോവർധനപീഠവും, പടിഞ്ഞാറു ദ്വാരകയിൽ കാളീപീഠവും, വടക്ക് ബദരീനാഥിൽ ജ്യോതിർപീഠവും, കാഞ്ചീപുരത്ത് കാമകോടിപീഠവും സ്ഥാപിച്ചു. തുടർന്ന് സർവ്വജ്ഞപീഠം കയറി.

ശങ്കരന്റെ കൃതികളിൽ വിവേകചൂഡാമണി, സൗന്ദര്യലഹരി, ശിവാനന്ദലഹരി എന്നിവ കൂടാതെ ഹിന്ദുമതത്തിലെ പ്രസ്ഥാനത്രയങ്ങൾ എന്നു വിശേഷിപ്പിക്കുന്ന ബ്രഹ്മസൂത്രഭാഷ്യം, ഉപനിഷദ് ഭാഷ്യം, ഭഗവത് ഗീതാഭാഷ്യം എന്നിവയും ഉൾപ്പെടുന്നു. പത്മപാദർ, സുരേശ്വരൻ, ഹസ്താമലകൻ, തോടകൻ എന്നിവർ ശങ്കരാചാര്യരുടെ ശിഷ്യഗണത്തിലെ പ്രധാനികളാണ്.

യുക്തിരാഹിത്യത്തിൽപെട്ടുപോയ ഹിന്ദുമതത്തെ അതിൽനിന്നു മോചിപ്പിക്കുകയും അദ്വൈതവേദാന്ത പദ്ധതിയുടെ പ്രാമാണികത ഉറപ്പിച്ചുകൊടുക്കുകയും ചെയ്തു എന്നതാണ് ശങ്കരാചാര്യരുടെ ഏറ്റവും പ്രധാന സംഭാവന. മീമാംസകർ, സാംഖ്യർ, ശാക്തർ, കാപാലികർ, ജൈനർ, ബൗദ്ധർ തുടങ്ങി ഭാരതത്തിലുണ്ടായിരുന്ന സമസ്തമതവാദികളെയും ശങ്കാരാചാര്യർ വാദപ്രതിവാദത്തിൽ തോൽപ്പിച്ചു.

*"ബ്രഹ്മസത്യം ജഗന്മിഥ്യ*

*ജീവോ ബ്രഹ്മൈവനാപര:"* -

എന്നതാണ് ശങ്കരദർശനത്തിന്റെ പരമമായ പൊരുൾ. നിലനിന്നിരുന്ന കർമ്മഭക്തി മാർഗ്ഗത്തിന് പകരമായി അദ്വൈതദർശനം ആവിഷ്ക്കരിച്ചു. ഉപനിഷത്തുക്കളുടെ പരമോന്നത പദവി സ്ഥാപിച്ചെടുക്കുകയും ചെയ്തു.

ആസ്തിക മതത്തിന്റെ രക്ഷയ്ക്കും കെട്ടുറപ്പിനും വേണ്ടി ഭാരതത്തിന്റെ നാലു ദിക്കുകളിലായി സന്ന്യാസിമഠങ്ങൾ സ്ഥാപിച്ചു. ഇതിലൂടെ അദ്ദേഹം ഏകഭാരത സങ്കല്പം വിഭാവനം ചെയ്തു. ഇത് പിന്നീട് ദേശീയ ഐക്യത്തിന് ഗുണകരമായി ഭവിച്ചു. അനുഷ്ഠാനപരമായ ക്ഷേത്രാരാധനാ സമ്പ്രദായം പരിഷ്കരിക്കുന്ന കാര്യത്തിലും അദ്ദേഹം തന്റെ ശ്രദ്ധ പതിപ്പിച്ചു. ഇപ്രകാരം ഹിന്ദുമതത്തിന്റെ പ്രതിഷ്ഠാനം ശരിയായ വിധത്തിൽ നിർവ്വഹിക്കപ്പെട്ടത് ശങ്കരാചാര്യരുടെ പ്രയത്നഫലമായാണ്.

**ബുദ്ധമതം**

അശോകന്റെ ഭരണകാലമായ ബി.സി. മൂന്നാം ശതകത്തിൽത്തന്നെ ബുദ്ധമതം കേരളത്തിൽ എത്തിയതായി കണക്കാക്കാം. കേരളത്തിലെ ബുദ്ധമതത്തെപ്പറ്റി അറിവു തരുന്ന ഏറ്റവും പ്രാചീനമായ രേഖ അശോകന്റെ രണ്ടാം നമ്പർ ശാസനം എന്നറിയപ്പെടുന്ന ഗിർണാർ ശാസനമാണ്. അതിൽ കേരളപുത്ര (കേരളം)ത്തിൽ മനുഷ്യർക്കും മൃഗങ്ങൾക്കും വേണ്ടി ആതുരാലയങ്ങൾ നിർമ്മിച്ചതായി പറഞ്ഞിരിക്കുന്നു. ബുദ്ധ ദേവാലയങ്ങളെ 'പള്ളി' എന്നാണു വ്യവഹരിച്ചിരുന്നത്. ചിലപ്പതികാരം എഴുതിയ ഇളങ്കോവടികൾ ഒരു ബുദ്ധ

സന്ന്യാസിയായിരുന്നു. ബുദ്ധമതതത്ത്വങ്ങളെയും അതിന്റെ മഹത്വത്തെയും പ്രകീർത്തിക്കുന്ന കാവ്യമാണ് 'മണിമേഖല'. 'അമരകോശം' എന്ന സംസ്കൃത കോശഗ്രന്ഥത്തിന്റെ കർത്താവായ അമരസിംഹൻ ബുദ്ധമതക്കാരനായിരുന്നു. കേരള കടൽത്തീരത്തു ശ്രീമൂലവാസമെന്ന പേരിൽ ഭാരതമെങ്ങും പ്രസിദ്ധമായ ഒരു ബുദ്ധ വിഹാരമുണ്ടായിരുന്നു. ഇതു കടൽക്ഷോഭത്തിൽപ്പെട്ടു നശിച്ചുപോയി. അയ് രാജാവായ വിക്രമാദിത്യവരഗുണന്റെ പാലിയം ശാസനം ഇക്കാര്യത്തിൽ വ്യക്തമായ തെളിവ് നൽകുന്നുണ്ട്. ഉത്തരകേരളത്തിലും ബുദ്ധമതം പ്രചാരത്തിലിരുന്നു. വളപട്ടണത്തിനടുത്തുള്ള പള്ളിക്കുന്നിലും ഏഴിമലയ്ക്കടുത്തുള്ള മാടായിയിലും ബുദ്ധവിഹാരങ്ങളുണ്ടായിരുന്നു എന്നതിന് സഞ്ചാരികളുടെ കുറിപ്പുകൾ സാക്ഷ്യം നിൽക്കുന്നു.

പ്രഖ്യാപിത ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കാൻ തുടങ്ങിയതിന്റെയും ശങ്കരാചാര്യരുടെ നേതൃത്വത്തിൽ ഹിന്ദുമതം ഉയിർത്തെഴുന്നേറ്റതിന്റെയും ഫലമായി ബുദ്ധമതം ക്ഷയോന്മുഖമായി. പന്ത്രണ്ടാം ശതകമായപ്പോഴേക്കും ബുദ്ധമതം നാമാവശേഷമാകുന്നതാണ് കാണാനാവുക. എന്നാൽ കേരളത്തിന്റെ സാംസ്കാരിക ഭൂമികയിൽ ബുദ്ധമതത്തിന്റെ സംഭാവനകൾ വളരെ വലുതാണ്. ക്ഷേത്രോത്സവ വുമായി ബന്ധപ്പെട്ട കെട്ടുകാഴ്ചകളും രഥോത്സവങ്ങളും ആനയെഴുന്നള്ളത്തുകളും ബുദ്ധമതവുമായി ബന്ധപ്പെട്ടിരിക്കുന്നു. മാവേലിക്കര, ചെട്ടിക്കുളങ്ങര, നീലംപേരൂർ ഭാഗങ്ങളിലുള്ള കെട്ടുകാഴ്ചകൾ ഇതിനു തെളിവാണ്. ശാസ്താവ് അഥവാ അയ്യപ്പൻ ഹിന്ദുദേവനാക്കപ്പെട്ട ബുദ്ധനാണെന്നും ശബരിമലയിലെ അയ്യപ്പക്ഷേത്രത്തിലേ ക്കുള്ള തീർത്ഥാടനത്തിൽ ബുദ്ധമതാചാരങ്ങളാണ് മുന്നിട്ടു നിൽക്കുന്നതെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. ശാസ്താക്ഷേത്രങ്ങൾ ബുദ്ധവിഹാരങ്ങളുടേതുപോലെ വനാന്തർഭാഗ ത്താണ് സ്ഥിതിചെയ്യുന്നത് എന്നുള്ളതും ശാസ്താവിഗ്രഹത്തിനും ബുദ്ധവിഗ്രഹത്തിനും തമ്മിൽ ഇരുപ്പിലും, രൂപത്തിലും സാമ്യമുണ്ടെന്നുള്ളതും പ്രാധാന്യമർഹിക്കുന്ന വസ്തുതകളാണ്. കേരളത്തിൽ പ്രബലമായ നാഗാരാധനയുടെ ആരംഭവും ബുദ്ധമതത്തിൽ നിന്നാണ്. ബുദ്ധമതത്തിന്റെ സ്വാധീന ശക്തി പ്രകടമാകുന്ന പ്രബലമായ ഒരു മേഖലയാണ് ആയുർവേദചികിത്സ. ബൗദ്ധപണ്ഡിതനായ വാഗ്ഭടന്റെ 'അഷ്ഠാംഗഹൃദയം' എന്ന ആയുർവേദ ഗ്രന്ഥത്തിന് കേരളത്തിലുള്ള പ്രചാരം ഇതിനു തെളിവാണ്. തിരുവിഴാ ശിവക്ഷേത്രത്തിലും തകഴി ശാസ്താക്ഷേത്രത്തിലും നൽകിവരുന്ന ചികിത്സ ബുദ്ധവിഹാരങ്ങൾ നടത്തിവന്ന ആതുര ശുശ്രൂഷയുടെ തുടർച്ചയായിരിക്കണം. ബുദ്ധസന്ന്യാസിമാർ ബുദ്ധ വിഹാരങ്ങളോടു ചേർന്ന് പാഠശാലകൾ സ്ഥാപിച്ചു. പിന്നീട് ഹിന്ദുമതം ഈ സമ്പ്രദായം അനുകരിക്കുകയാണ് ഉണ്ടായത്. പാർത്ഥിവപുരംശാലയും കാന്തളൂർ ശാലയുമെല്ലാം ഉത്ഭവിക്കുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്.

കേരളസംസ്കാരത്തിൽ ബുദ്ധമതം ചെലുത്തിയ സ്വാധീന ശക്തി സമാനത കളില്ലാതെ ഇന്നും നിലനിൽക്കുന്നു.

**ജൈനമതം**

ജൈനമതം കേരളത്തിൽ പ്രവേശിച്ചത് ബി.സി. മൂന്നാം ശതകത്തി ലായിരിക്കാമെന്നു കരുതപ്പെടുന്നു. മൗര്യചക്രവർത്തിയായ ചന്ദ്രഗുപ്ത മൗര്യനും ഭദ്രബാഹു എന്ന ജൈന സന്ന്യാസിയും ശ്രാവണബെൽഗോളയിൽ വന്നിരുന്നു എന്ന് അനുമാനിക്കുന്നു. ഇതേ തുടർന്നാണ് കേരളമുൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ജൈനമതം പ്രചരിച്ചത്. ഇവരുടെ അനുയായികൾ മതപ്രചരണത്തിന്റെ നേതൃത്വം ഏറ്റെടുക്കുകയായിരുന്നു. ഭരണാധികാരികളുടെ പ്രോത്സാഹനം അവരുടെ ഉദ്യമത്തെ എളുപ്പമുള്ളതാക്കി മാറ്റി. ആയ് രാജാവായ വിക്രമാദിത്യവരഗുണൻ തിരുച്ചാരണത്ത് ജൈനമത കേന്ദ്രത്തിലേക്ക് ഒട്ടേറെ

വസ്തുക്കൾ ദാനം ചെയ്യുന്നതിനെ പരാമർശിക്കുന്ന ശാസനം ഇതിനു തെളിവാണ്. ചിലപ്പതികാര കർത്താവായ ഇളങ്കോഅടികൾ ജൈനമതക്കാരനായിരുന്നു. അദ്ദേഹത്തിന്റെ ആസ്ഥാനമായ തൃക്കണാമതിലകം ജൈന കേന്ദ്രമെന്ന നിലയിൽ പ്രസിദ്ധി നേടി.

പ്രാചീന കേരളത്തിൽ നിലനിന്നിരുന്ന പലജൈനക്ഷേത്രങ്ങളും പിൽക്കാലത്ത് ഹിന്ദു ക്ഷേത്രങ്ങളായി പരിണമിച്ചിട്ടുണ്ട്. ഇരിങ്ങാലക്കുടയിലെ കൂടൽമാണിക്യ ക്ഷേത്രം ഒരു കാലത്ത് ജൈന ക്ഷേത്രമായിരുന്നു എന്ന് കരുതപ്പെടുന്നു. ഭരതേശ്വരൻ എന്ന ദിഗംബര ജൈനനാണ് പിന്നീട് ഭരതനാക്കപ്പെട്ടത് എന്നാണ് പണ്ഡിതമതം. പെരുമ്പാവൂരിനടുത്ത് കല്ലിൽ എന്ന സ്ഥലത്തെ ഗുഹാനിർമ്മിതമായ ജൈന ക്ഷേത്രം ഇന്ന് ഭഗവതി ക്ഷേത്രമായി ക്കരുതിവരുന്നു. ക്ഷേത്രത്തിൽ പാർശ്വനാഥന്റെയും മഹാവീരതീർത്ഥങ്കരന്റെയും പത്മാവതീ ദേവിയുടേയും പ്രതിമകൾ കാണാം. ഒരു കാലത്ത് ഇത് ജൈന ക്ഷേത്രമായിരുന്നു എന്ന നിഗമനത്തിലേക്കെത്തുന്നതിന് ഈ തെളിവുകൾ ഉപോദ്ബലകങ്ങളാണ്. കന്യാകുമാരിയിലെ തിരുച്ചാരണത്തു ഭഗവതിക്ഷേത്രവും പണ്ട് ജൈനമത കേന്ദ്രമായിരുന്നു എന്ന് മനസിലാക്കാം. പാർശ്വനാഥന്റെയും പത്മാവതീ ദേവിയുടെയും മഹാവീരന്റേയും പ്രതിമകൾ ഇപ്പോഴും അവിടെ കാണാം. നാഗർകോവിലിലെ നാഗരാജാക്ഷേത്രം 16–ാം ശതകം വരെ ജൈന ക്ഷേത്രമായിരുന്നു. വേണാട്ടുരാജാവായ ഭൂതലവീര ഉദയമാർത്താണ്ഡൻ ഈ ക്ഷേത്രത്തിന് വസ്തുവകകൾ ദാനം ചെയ്തതിന് തെളിവുണ്ട്. വയനാട്ടിലെ മാനന്തവാടി, സുൽത്താൻ ബത്തേരി, എടയ്ക്കൽ എന്നീ പ്രദേശങ്ങൾ ജൈന കേന്ദ്രങ്ങളായിരുന്നതായി വില്യം ലോഗൻ മലബാർ മാന്വലിൽ പറയുന്നുണ്ട്. പാലക്കാട് ടൗണിലുള്ള ജൈനമേട് ജൈനരുടെ ഒരു പ്രധാന കേന്ദ്രമായിരുന്നു.

മലബാറിലെ ക്ഷേത്രങ്ങളുടെയും മുസ്ലീം പള്ളികളുടെയും വാസ്തുശില്പ ത്തിൽ ജൈനമത സംസ്കാരത്തിന്റെ ചില അടയാളങ്ങൾ ദർശിക്കാം. എ.ഡി. 8–ാം ശതകത്തിൽ ശൈവ-വൈഷ്ണവമതങ്ങൾ ശക്തി പ്രാപിച്ചതോടുകൂടി കേരളത്തിൽ ജൈനമതം ക്ഷയിക്കാൻ തുടങ്ങി. എങ്കിലും 16–ാം നൂറ്റാണ്ടുവരെ അതു നിലനിൽക്കു കയും ആ നൂറ്റാണ്ടോടെ നാമാവശേഷമാവുകയുമാണ് ഉണ്ടായത്.

## ബ്രാഹ്മണാധിപത്യം

വൈദിക ബ്രാഹ്മണർ കേരളത്തിലെത്തിയത് എ.ഡി. 8–ാം ശതകത്തിന്റെ ആദ്യവർഷങ്ങളിൽ തുളുനാട്ടിൽ നിന്ന് കടൽത്തീരം വഴിയാണെന്ന് വില്യം ലോഗൻ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ബി.സി.യിൽ തന്നെ തെക്കേ ഇന്ത്യയിൽ ആര്യാധിനിവേശം ആരംഭിച്ചു കഴിഞ്ഞിരുന്നു. ക്രിസ്തുവർഷത്തിന്റെ ആദ്യശതകങ്ങളിൽ ആര്യന്മാരുടെ സ്വാധീനശക്തി കേരളീയ സാമൂഹ്യജീവിതത്തിൽ പ്രവർത്തിച്ചിരുന്നു എന്നതിന് സംഘസാഹിത്യത്തിൽ തെളിവുകളുമുണ്ട്. ചേരരാജാക്കന്മാരുടെ നേതൃത്വത്തിൽ ബ്രാഹ്മണപുരോഹിതന്മാർ വേദവിധിപ്രകാരമുള്ള യാഗാധി കർമ്മങ്ങൾ അനുഷ്ഠിച്ചിരുന്നു. ഒന്നാം ചേര സാമ്രാജ്യത്തിന്റെ തകർച്ചയ്ക്കുശേഷം കേരളത്തിൽ ആര്യാധിനിവേശം ത്വരിതപ്പെട്ടു. എ.ഡി. 8–ാം ശതകത്തിൽ വെളിയിൽ നിന്ന് ഒരു വലിയ സംഘം ബ്രാഹ്മണർ വന്നുചേരുകയും നേരത്തേതന്നെ ഇവിടെയുണ്ടായിരുന്ന ബ്രാഹ്മണ്യശക്തിക്ക് കരുത്തു വർദ്ധിക്കുകയും ചെയ്തു. ഇവരോടൊപ്പമുണ്ടായിരുന്ന ഭടന്മാർ ഇവിടത്തെ ബുദ്ധസന്ന്യാസി മാരുമായി വാദപ്രതിവാദത്തിലേർപ്പെടുകയും അവരെ പരാജയപ്പെടുത്തി ബ്രാഹ്മണ്യത്തിന്റെ പ്രാമാണ്യം സ്ഥാപിക്കുകയും ചെയ്തു. ഭക്തിപ്രസ്ഥാനവും ശങ്കാരാചാര്യരുടെ ദിഗ്‌വിജയവും ആര്യവൽക്കരണം അതിന്റെ പൂർണ്ണതയിലെത്തിച്ചു.

ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി കേരളീയ-സാമൂഹിക സംവിധാനത്തിൽ മാറ്റങ്ങൾ ഉണ്ടായി. കർക്കശമല്ലാതിരുന്ന ജാതി വ്യവസ്ഥ ബ്രാഹ്മണാധിനിവേശം നീക്കുപോക്കില്ലാത്തതാക്കിത്തീർത്തു. കേവലം ദ്രാവിഡ നാടുവാഴികളായിരുന്ന ഇവിടുത്തെ ഭരണാധികാരികളെ ക്ഷത്രിയ വർഗ്ഗമായി ഉയർത്തുകയും പണക്കാരായ കച്ചവടക്കാരെ വണികർ വിഭാഗമാക്കി മാറ്റുകയും ചെയ്യുക വഴി ചാതുർവർണ്യത്തിന്റെ പ്രമാണങ്ങൾ സമൂഹഗാത്രത്തിൽ ബുദ്ധിപൂർവ്വം തിരുകികയറ്റുകയാണ് ചെയ്തത്. സംഘകാലത്തിന്റെ അവസാനമാകുമ്പോൾ ബ്രാഹ്മണസംരക്ഷണം രാജാക്കന്മാരുടെ മഹത്തായ ധർമ്മമായി മാറുന്നതു കാണാം. സംഘകാലത്തിന്റെ പുർവ്വഘട്ടത്തിൽ സമുദായത്തിന്റെ ഉന്നതപദവിലായിരുന്ന പാണൻ, വേടർ, കുറവർ തുടങ്ങിയ അധ്വാനിക്കുന്ന വർഗ്ഗക്കാർ താഴ്ന്ന വിഭാഗമായി (കീഴോർ) മാറ്റി നിർത്തപ്പെട്ടു. ശാരീരികാധ്വാനം ആവശ്യമുള്ള പ്രവൃത്തികളിൽ ഏർപ്പെട്ടിരുന്നവരെ സമൂഹത്തിന്റെ ഏറ്റവും താഴ്ന്ന പടിയിലുള്ളവരായിട്ടാണ് ഗണിച്ചിരുന്നത്.

ചാതുർവർണ്ണ്യത്തിൽ ഏറ്റവും താഴെയായിപ്പോയവർക്കും സ്ത്രീകൾക്കും വിദ്യാഭ്യാസം നിഷിദ്ധമായിരുന്നു. ജനങ്ങളുടെ ഭക്ഷണശീലങ്ങളിലും വ്യതിയാനം വരുത്തി. മാംസം ഭക്ഷിക്കുന്നത് സാമൂഹികമായ ഒരപകർഷമായി കല്പിച്ചു. ഒരാളുടെ സാമൂഹ്യമായ പദവി നിർണ്ണയിക്കപ്പെടുക അയാളുടെ തൊഴിലിന്റെ അടിസ്ഥാനത്തിലായിരിക്കും എന്ന നില സംജാതമായി. ആര്യമത പ്രചാരകർ ബുദ്ധ-ജൈന മതങ്ങളെ എതിർത്തു. ബുദ്ധ വിഹാരങ്ങളും ബുദ്ധ വിഗ്രഹങ്ങളും തകർക്കപ്പെട്ടു. ഹിന്ദുമതം പ്രചരിപ്പിക്കാൻ അസംഖ്യം ക്ഷേത്രങ്ങൾ നിർമ്മിക്കുകയും ചെയ്തു. പല ബുദ്ധ വിഹാരങ്ങളും ഹൈന്ദവ ആരാധനാലയങ്ങളായി മാറി. ആര്യേതരമായ ദേവതകളും ആചാരങ്ങളും പ്രശസ്തിയുടെയും പ്രചാരത്തിന്റെയും മാനദണ്ഡങ്ങൾ വെച്ചുകൊണ്ട് ആര്യവൽക്കരണത്തിന് വിധേയമായി. കൊറ്റവൈ എന്ന ദ്രാവിഡദേവത ഭഗവതി ആകുന്നതും ശാസ്താവ് ഹരിഹരപുത്രൻ ആകുന്നതും ഈയൊരു പശ്ചാത്തലത്തിലാണ്.

ഇപ്രകാരം ആര്യന്മാർ ദ്രാവിഡ ജനതയെ ഹിന്ദുമതത്തിൽ ലയിപ്പിച്ചത് ഒരു സായുധാക്രമണം കൊണ്ടായിരുന്നില്ല. മറിച്ച് സാമൂഹിക ലയനത്തിന്റെയും സാംസ്കാരികോദ്ഗ്രഥനത്തിന്റെയും ക്രമാനുഗതമായ പ്രക്രിയയിലൂടെയായിരുന്നു.

# മൊഡ്യൂൾ –2

## നാടുവാഴികളുടെ ഉയർച്ചയും വളർച്ചയും

സംഘകാലത്തിനു ശേഷം ചരിത്രത്തെ സംബന്ധിച്ചിടത്തോളം 'നീണ്ട രാത്രി' യായാണ് ചരിത്രകാരന്മാർ കരുതുന്നത്'. ആറ്, ഏഴ്, എട്ട് നൂറ്റാണ്ടുകളിലെ കേരളത്തിന്റെ ചരിത്രം അജ്ഞാതമായി തുടരുന്നു. ചാലൂക്യർ, പല്ലവർ, പാണ്ഡ്യൻ, രാഷ്ട്രകൂടർ എന്നിവർ കേരളത്തെ ആക്രമിച്ചതായി അവരുടെ രേഖകളിൽ അവകാശപ്പെടുന്നുണ്ട്. എ.ഡി. 9 മുതൽ 11 വരെയുള്ള നൂറ്റാണ്ടുകൾ രണ്ടാം ചേരസാമ്രാജ്യമായി കരുതപ്പെടുന്നു. എ.ഡി. 800ാം ആണ്ടോടെ കുലശേഖര വർമ്മയുടെ നേതൃത്വത്തിൽ പുനഃസ്ഥാപിതമായ ചേരശക്തി രാമവർമ്മ കുലശേഖരനിലെത്തുന്നതോടെ അവസാനിക്കുന്നതായാണ് കാണുക. ഭാസ്കര രവിവർമ്മ ഒന്നാമന്റെ കാലത്ത് തുടങ്ങിയ ചേര-ചോളയുദ്ധം ഒരു നൂറ്റാണ്ടോളം നീണ്ടു നിന്നതായി ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഇത് 'നൂറ്റാണ്ടുയുദ്ധം' എന്നറിയപ്പെടുന്നു. ഭാസ്കരവിവർമ്മ രണ്ടാമൻ, രാജസിംഹൻ, ഭാസ്കരരവിവർമ്മ മൂന്നാമൻ, രാമവർമ്മ കുലശേഖരൻ, വീരകേരളൻ എന്നിവർ ഇക്കാലത്ത് ഭരണസാരഥ്യം ഏറ്റെടുത്ത രാജാക്കന്മാരാണ്. ചോളന്മാരുടെ നിരന്തരമായ ആക്രമണം ചേര ശക്തിയെ ക്ഷീണിപ്പിക്കുകയും ആത്യന്തികമായി കുലശേഖര സാമ്രാജ്യത്തിന്റെ ശൈഥില്യത്തിനു വഴിവെയ്ക്കുകയും ചെയ്തു. ഈയൊരു പശ്ചാത്തലത്തിലാണ് കേരളത്തിലെ നാടുവാഴികളുടെ ഉയർച്ചയും വളർച്ചയും അതിന്റെ പാരമ്യത്തിലെത്തുന്നത്. ഇത് കേരളചരിത്രത്തിലെ പുതിയൊരു അധ്യായത്തെകുറിക്കുന്നു. ഈ സമയം വേണാട് ഒരു സ്വതന്ത്രരാജ്യത്തിന്റെ പദവി നേടി. നെടിയിരിപ്പ്, പെരുമ്പടപ്പ്, കോലത്തുനാട്, അറയ്ക്കൽ രാജവംശങ്ങളുടെ ഉത്ഭവം ഈ ദശാസന്ധിക്കു ശേഷം സംഭവിക്കുന്ന ഒന്നാണ്. ഇതുകൂടാതെ തെക്ക് എളയടത്തു സ്വരൂപം തൊട്ട് വടക്ക് കുമ്പളവരെ ചെറുകിട നാട്ടുരാജ്യങ്ങളും ഉയർന്നുവന്നു. ആറ്റിങ്ങൽ, കായംകുളം, പന്തളം, തെക്കുംകൂർ, വടക്കുംകൂർ, പൂഞ്ഞാർ, ഇടപ്പള്ളി, കൊടുങ്ങല്ലൂർ, വള്ളുവനാട്, പാലക്കാട്, കടത്തനാട്, നീലേശ്വരം എന്നിങ്ങനെ ഒട്ടനവധി നാട്ടുരാജ്യങ്ങൾ ഇതിനിടയിൽ നിലനിന്നിരുന്നു.

### കോലത്തുനാട്

കോലത്തുനാടിന്റെ ഉത്ഭവം അജ്ഞാതമാണ്. സംഘകാലം അഥവാ ഒന്നാം ചേരസാമ്രാജ്യകാലത്ത് ഏഴിമല ആസ്ഥാനമാക്കി ഭരിച്ചിരുന്ന ഒരു രാജവംശത്തിന്റെ കീഴിലായിരുന്നു ആ പ്രദേശം. രണ്ടാം ചേരസാമ്രാജ്യകാലത്ത് വടക്കേ മലബാറിലെ പ്രദേശങ്ങൾ കുലശേഖരന്മാരുടെ ആധിപത്യത്തിൻ കീഴിലുമായിരുന്നു. മൂഷകരാജ്യം എന്നാണ് കോലത്തുനാട് അറിയപ്പെട്ടിരുന്നത്. അതുലന്റെ മൂഷകവംശം സംസ്കൃത മഹാകാവ്യം 12-ാം ശതകത്തിന്റെ ആരംഭം വരെയുള്ള മൂഷകരാജ്യചരിത്രമാണ് പ്രതിപാദിക്കുന്നത്. പതിനാലാം ശതകം മുതൽ ഈ നാട് കോലത്തുനാട് എന്നറിയപ്പെട്ടു. പതിമൂന്നാം ശതകത്തിനൊടുവിൽ കേരളം സന്ദർശിച്ച മാർക്കോ പോളോ എഴുതിയ സഞ്ചാര വിവരണങ്ങളിലാണ് കോലത്തിരിമാരുടെ രാജ്യത്തെക്കുറിച്ച് ആദ്യത്തെ സത്യസന്ധമായ പരാമർശം കാണുന്നത്. ഏലിരാജ്യം കോലത്തുനാടാണെന്നതിൽ സംശയമില്ല. കോലത്തുനാട്ടുരാജ്യം പരമാവധി വടക്ക് നേത്രാവതി നദി മുതൽ തെക്ക് കോരപ്പുഴ വരെയും കിഴക്ക് കുടകുമല തൊട്ട് പടിഞ്ഞാറ് അറബിക്കടൽ വരെയും വ്യാപിച്ചിരുന്നു. കോലത്തുനാടുവാണ പ്രസിദ്ധ രാജാവാണ് രാഘവൻ.

കുമ്പള, നീലേശ്വരം, കോട്ടയം, കടത്തനാട്, എന്നിവ കോലത്തുനാട്ടിൽപ്പെട്ട നാടുകളാണ്'. രാജകുടുംബത്തിലെ ഏറ്റവും പ്രായമുള്ള പുരുഷാംഗമാണ് കോലത്തിരി എന്ന സ്ഥാനപ്പേരോടുകൂടി രാജ്യം ഭരിച്ചിരുന്നത്. തൊട്ടടുത്ത ഇളമുറക്കാർ തെക്കെളംകൂർ, വടക്കെളംകൂർ, നാലാംകൂർ, അഞ്ചാംകൂർ എന്നീ പേരുകളിൽ അറിയപ്പെട്ടുപോന്നു. തെക്കെളംകൂർ ആയിരുന്നു അടുത്ത രാജ്യവകാശി. പോർച്ചുഗീസുകാർ കേരളത്തിൽ വരുമ്പോൾ കോലത്തിരി കോഴിക്കോട്ടെ സാമൂതിരിയുടെ സ്വാധീനശക്തിയിൽ അമർന്നിരുന്നു. വാണിജ്യ രാഷ്ട്രീയ രംഗങ്ങളിൽ അവർ ബദ്ധശത്രുക്കളുമായിരുന്നു.

കോലത്തുനാട് സാംസ്കാരികമായി ഏറെ മുന്നിട്ടുനിന്നിരുന്നു. ഭാഗവതത്തിന് 'കൃഷ്ണപദി'യെന്ന വ്യാഖ്യാനമെഴുതിയ രാഘവാനന്ദൻ കോലത്തുനാട്ടുരാജാവായിരുന്ന രാഘവന്റെ സദസ്യനായിരുന്നു. അമോഘ രാഘവം ചമ്പുവിന്റെ കർത്താവായ ദിവാകരനും ഇദ്ദേഹത്തിന്റെ ആസ്ഥാനകവിയായിരുന്നു. യുധിഷ്ഠിര വിജയത്തിന് പദാർത്ഥചിന്തനമെന്ന വ്യാഖ്യാനം രചിച്ച രാഘവൻ, ശ്രീകൃഷ്ണ വിജയമെന്ന സംസ്കൃത കാവ്യത്തിന്റെ കർത്താവായ ശങ്കരൻ എന്നിവർ പ്രസിദ്ധരാണ്. ഇളമുറരാജാവായ രാമവർമ്മയാണ് ഭാരതസംഗ്രഹം മഹാകാവ്യത്തിന്റെയും ചന്ദ്രികാ കുലാപീഠം നാടകത്തിന്റെയും കർത്താവ്. കൃഷ്ണഗാഥാകാരന്റെ പുരസ്കർത്താവായ ഉദയവർമ്മൻ കോലത്തിരിയും ഈ വംശത്തിന്റെ യശസ്സാണ്.

## കൊച്ചി (പെരുമ്പടപ്പ് സ്വരൂപം)

കുലശേഖരന്മാരുടെ അസ്തമനത്തിനുശേഷം ഉടലെടുത്ത സ്വരൂപമാണ് പെരുമ്പടപ്പ്. ചേരമാൻ പെരുമാളുടെ സഹോദരിയിൽ പെരുമ്പടപ്പ് നമ്പൂതിരിക്കു ജനിച്ച മൂത്ത പുത്രന്റെ അധീനതയിൽ വന്ന പ്രദേശമാണ് കൊച്ചി എന്നാണ് 1901-ലെ കൊച്ചിൻ സ്റ്റേറ്റ് സെൻസസ് റിപ്പോർട്ടിൽ പറയുന്നത്. 'പെരുമ്പടപ്പ്' ഗംഗാധര വീരകേരള തൃക്കോവിൽ അധികാരി' എന്നാണ് കൊച്ചി രാജാക്കന്മാരുടെ പൂർണ്ണമായ സ്ഥാനപ്പേര്. പെരുമ്പടപ്പ് രാജവംശത്തിന്റെ ആസ്ഥാനം ആദ്യകാലത്ത് മഹോദയപുരത്തുതന്നെയായിരുന്നുവെന്നാണ് കണക്കാക്കുന്നത്. കുലശേഖരന്മാർക്കുശേഷം മാമാങ്ക മഹോത്സവം ആഘോഷിക്കുകയും അതിൽ അധ്യക്ഷം വഹിക്കുകയും ചെയ്തിരുന്നത് പെരുമ്പടപ്പ് രാജാക്കന്മാരാണ്. വീരരാഘവ പട്ടയത്തിന്റെ ശില്പി വീരരാഘവ ചക്രവർത്തി പെരുമ്പടപ്പു രാജാവായിരുന്നു. ശാസന കാലം എ.ഡി. 1225 ആണെന്നാണ് കണക്കാക്കപ്പെടുന്നത്. പിന്നീട് പെരുമ്പടപ്പിനെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നത് പോർച്ചുഗീസ് ആഗമനത്തോടെയാണ്.

എ.ഡി. 1341 ൽ പെരിയാറ്റിലുണ്ടായ വെള്ളപ്പൊക്കത്തെതുടർന്ന് കൊടുങ്ങല്ലൂർ അഴി അടഞ്ഞുപോവുകയും കൊച്ചി അഴി തുറക്കപ്പെടുകയും ചെയ്തു. വൈപ്പിൻ ദ്വീപ് ഉയർന്നു വന്നതും ഇക്കാലത്താണ്. ഏതാണ്ട് ഈ സംഭവത്തിനു ശേഷം പെരുമ്പടപ്പു രാജാക്കന്മാർ കൊച്ചിയിലേക്ക് തലസ്ഥാനം മാറ്റി. പതിനഞ്ചാം നൂറ്റാണ്ടിൽ പെരുമ്പടപ്പു സ്വരൂപത്തിൽ ഉണ്ടായ മൂത്തതാവഴി ഇളയതാവഴി തർക്കം സാമൂതിരിയുടെ ആക്രമണലക്ഷ്യങ്ങൾക്ക് കൂടുതൽ സഹായകമായിത്തീർന്നു. ഭരണാധികാരം കൈക്കലാക്കുവാൻ മൂത്തതാവഴി സാമൂതിരിയുടെ സഹായം അഭ്യർത്ഥിച്ചു. തുടർന്ന് പരമാധികാരം പണയപ്പെടുത്തി സാമൂതിരിയുടെ സഹായത്തോടെ ഭരണത്തിലേറി. പതിനാറാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാരും തുടർന്ന് ഡച്ചുകാരുമാണ് കൊച്ചിയുടെ അഭിവൃദ്ധിയ്ക്ക് അടിത്തറ പാകിയത്. സാമൂതിരിയുമായുള്ള യുദ്ധത്തിൽ കൊച്ചിക്ക് പോർച്ചുഗീസ് സഹായം ലഭിച്ചിരുന്നു. ഇതിനെ തുടർന്നാണ് ഇന്ത്യയിൽത്തന്നെ ആദ്യമായി യൂറോപ്യന്മാർ നിർമ്മിച്ച കോട്ടയായ മാനുവൽകോട്ട പോർച്ചുഗീസുകാർ കൊച്ചി രാജാവിന്റെ അനുവാദത്തോടെ പണിയുന്നത്. പോർച്ചുഗീസ് കാലഘട്ടത്തിലെ ഏറ്റവും പ്രസിദ്ധനായ രാജാവ്

വീരകേരളവർമ്മയുടെ പിൻഗാമിയായിരുന്ന കേശവരാമവർമ്മയായിരുന്നു. മട്ടാഞ്ചേരിയിലെ ജൂതപ്പള്ളി ഇക്കാലത്താണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. 1658-ൽ കൊല്ലം, കൊടുങ്ങല്ലൂർ, കൊച്ചി, പുറക്കാട്, കണ്ണൂർ എന്നീ പ്രദേശങ്ങൾ പോർച്ചുഗീസുകാരിൽ നിന്ന് ഡച്ചുകാർ പിടിച്ചെടുത്തു. കൊച്ചി രാജ്യത്തെ പ്രധാനമന്ത്രിമാരായിരുന്നു പാലിയത്തച്ചന്മാർ. ഡച്ച് മേധാവിത്വത്തിന്റെ ആദ്യഘട്ടത്തിൽ പാലിയത്തച്ചനുണ്ടായിരുന്ന പ്രാമാണ്യം അനിഷേധ്യമായിരുന്നു. ഡച്ചു കാലഘട്ടത്തിലെ ഏറ്റവും പ്രശസ്തനായ രാജാവ് 1701 മുതൽ 1721 വരെ ഭരണം നടത്തിയ രാമവർമ്മയായിരുന്നു. 1775 മുതൽ 1790 വരെ രാജ്യം ഭരിച്ച രാമവർമ രാജാവിന്റെ കാലത്താണ് ഹൈദരുടെ ആക്രമണമുണ്ടായത്. തുടർന്ന് അധികാരത്തിലേറിയത് 'ശക്തൻ തമ്പുരാൻ' എന്ന പേരിൽ പ്രസിദ്ധനായ രാമവർമ്മയായിരുന്നു. അദ്ദേഹം ഈസ്റ്റിന്ത്യാ കമ്പനിയുമായി ധാരണയിലേർപ്പെട്ടു. രാജ്യത്തെ പ്രഭുക്കന്മാരുടെ അധികാരം അമർച്ച ചെയ്ത് രാജാധികാരം പ്രബലമാക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. ബ്രിട്ടീഷ് റസിഡന്റായിരുന്ന കേണൽ മെക്കാളെയുടെ ബംഗ്ലാവ് ആക്രമണവുമായി ബന്ധപ്പെട്ട് പാലിയത്തച്ചനെ നാടുകടത്തി. അതോടെ പാലിയത്തച്ചന്മാരുടെ മന്ത്രിസ്ഥാനവും അവസാനിച്ചു. 1949ൽ രാമവർമ്മ പരീക്ഷിത്തുതമ്പുരാൻ രാജാവായിരിക്കുമ്പോൾ തിരുവിതാംകൂറുമായുള്ള സംയോജനത്തെ അനുകൂലിച്ചതിന്റെ ഫലമായി തിരു-കൊച്ചി സ്റ്റേറ്റ് നിലവിൽ വന്നു.

## വേണാട്

കുലശേഖര സാമ്രാജ്യത്തിന്റെ അസ്തമനത്തോടെ 12-ാം ശതകത്തോടുകൂടി പ്രബലമായ രാജ്യമാണ് വേണാട്. ചേരസാമ്രാജ്യത്തിന്റെ ഏറ്റവും തെക്ക് സ്ഥിതി ചെയ്തിരുന്ന ഈ നാടിനെക്കുറിച്ച് സംഘസാഹിത്യത്തിൽ പരാമർശമില്ല. ചരിത്രരേഖകളുടെ അടിസ്ഥാനത്തിൽ വേണാട്ടിലെ ആദ്യത്തെ ഭരണാധികാരി അയ്യനടികൾ തിരുവടികൾ ആണ്. (എ.ഡി. 849-തരിസാപ്പള്ളി ചേപ്പേട്). ഒരു സ്വതന്ത്രരാജ്യമെന്ന നിലയിൽ വേണാട്ടിന്റെ ചരിത്രം ആരംഭിക്കുന്നത് രാമവർമ്മ കുലശേഖരന്റെ കാലത്താണ്. കോതവർമ്മ, വീരകേരളവർമ്മ, വീരരവിവർമ്മ, ആദിത്യവർമ്മ, ഉദയമാർത്താണ്ഡവർമ്മ, രവി കേരളവർമ്മ, പത്മനാഭൻ മാർത്താണ്ഡ വർമ്മ, ജയസിംഹൻ, രവിവർമ്മ കുലശേഖരൻ, വീരഉദയമാർത്താണ്ഡവർമ്മ, ഇരവി, ഇരവി വർമ്മ, ആദിത്യവർമ്മ സർവ്വാംഗനാഥൻ, ചേര ഉദയ മാർത്താണ്ഡവർമ്മ, രവിവർമ്മ, ഭൂതല വീര ഉദയ മാർത്താണ്ഡവർമ്മ, ശ്രീ വീര കേരളവർമ്മ, ഉണ്ണിക്കേരളവർമ്മ, രവിവർമ്മ, ഉമയമ്മ റാണി, കോട്ടയം കേരളവർമ്മ, രവിവർമ്മ, ആദിത്യവർമ്മ, രാമവർമ്മ എന്നിവർ തുടർന്നു വന്ന രാജാക്കന്മാരാണ്. രാമവർമ്മയ്ക്കുശേഷം തിരുവിതാംകൂറിന്റെ ഭരണം ഏറ്റെടുത്തത് ആധുനിക തിരുവിതാംകൂറിന്റെ സ്ഥാപകൻ എന്നറിയപ്പെടുന്ന അനിഴം തിരുനാൾ മാർത്താണ്ഡവർമ്മയാണ്.

പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ പുനർനിർമ്മാണം നടന്നതും ശുചീന്ദ്രത്തിന് 'വീരകേരള ചതുർവേദിമംഗലം' എന്ന് നാമകരണം ചെയ്തതും വീരകേരള വർമ്മയുടെ കാലത്താണ്. കണ്ടിയൂർ, മണലിക്കര എന്നീ ശാസനങ്ങളിൽ രവി കേരളവർമ്മയെക്കുറിച്ച് പരാമർശമുണ്ട്. പത്മനാഭമാർത്താണ്ഡവർമ്മയുടെ കാലത്താണ് വേണാടിനുമേൽ പാണ്ഡ്യാധി പത്യം ഉണ്ടാകുന്നത്. കൊല്ലത്തിനും സമീപപ്രദേശങ്ങൾക്കും 'ജയസിംഹനാട്' അഥവാ 'ദേശിങ്ങനാട്' എന്ന പേരുണ്ടായത് ജയസിംഹന്റെ കാലത്താണ്. വേണാട്ടച്ചന്റ മക്കത്തായ മനുസരിച്ച് ഭരണാധികരാമേറ്റ അവസാന രാജാവാണ് 'സംഗ്രാമധീരൻ' എന്ന ബിരുദമുള്ള രവിവർമ്മ കുലശേഖരൻ (1299- 1314). പാണ്ഡ്യ ഭരണത്തിലായിരുന്ന വേണാടിന്റെ പ്രദേശ ങ്ങളിൽ ഇദ്ദേഹം ആധിപത്യം ഉറപ്പിച്ചു. 1312-ൽ ഇദ്ദേഹം ദക്ഷിണേന്ത്യയുടെ ചക്രവർത്തിയായി അഭിഷേകം നടത്തി. കൊല്ലം പട്ടണവും, തുറമുഖവും പരിഷ്കരിക്കുന്നതും ഇക്കാലത്താണ്.

വേണാട്ടിൽ മരുമക്കത്തായമനുസരിച്ച് അധികാരത്തിലേറിയ ആദ്യത്തെ രാജാവാണ് വീരഉദയ മാർത്താണ്ഡവർമ്മ. ഉണ്ണുനീലി സന്ദേശത്തിലെ സന്ദേശവാഹകനാണ് ഇരവി ഇരവിവർമ്മയുടെ അനുജൻ ഇരവി ആദിത്യവർമ്മ. കവിയും പണ്ഡിതനും യുദ്ധവീരനുമായിരുന്ന ആദിത്യവർമ്മ സർവ്വാംഗനാഥനെയാണ് ഉണ്ണുനീലി സന്ദേശത്തിൽ സംഗ്രാമധീരൻ (യുദ്ധവീരൻ) എന്നും സർവ്വാംഗനാഥൻ (സർവ്വവിദ്യാവിചക്ഷണൻ) എന്നും വാഴ്ത്തുന്നത്. വേണാടിന്റെ ചരിത്രത്തിലെ ഏറ്റവും നീണ്ട ഭരണകാലം ചേരഉദയ മാർത്താണ്ഡവർമ്മയുടെതായിരുന്നു. ഈ സമയം വേണാടിന്റെ അതിർത്തികൾ തിരുനെൽവേലി പ്രദേശങ്ങളിലേക്കും വ്യാപിച്ചു. 'ലീലാതിലകം' രചിക്കപ്പെട്ടത് അദ്ദേഹത്തിന്റെ കാലത്താണ്.

ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ യോഗക്കാരും രാജാവിന്റെ ആളുകളും തമ്മിൽ നിരന്തരം പ്രശ്നങ്ങൾ ഉണ്ടാവുക പതിവായിരുന്നു. പിള്ളമാരും യോഗക്കാരും പലപ്പോഴും രാജാധികാരത്തിനു തന്നെ ഭീഷണിയായി ഭവിക്കുകയും ചെയ്തു. എന്നാൽ ഇവരുടെ അധികാരങ്ങളെ നിയന്ത്രിക്കാൻ രവിവർമ്മ (1484-1512) ശ്രമിച്ചു. പോർച്ചുഗീസുകാരുമായുള്ള ബന്ധം ആരംഭിക്കുന്നതും ഇക്കാലത്താണ്. ഭൂതല വീര ഉദയ മാർത്താണ്ഡവർമ്മയുടെ കാലത്ത് വിജയനഗരവുമായുള്ള യുദ്ധം ഉണ്ടാവുകയും അവരുടെ മേൽക്കോയ്മ അംഗീകരിക്കേണ്ടി വരികയും ചെയ്തു. എന്നാൽ ഉണ്ണിക്കേരളവർമ്മയുടെ കാലത്ത് വേണാട് ഈ ആധിപത്യഭാരം തട്ടിത്തെറിപ്പിച്ചു. മധുരയിലെ തിരുമലനായിക്കന്റെ നഞ്ചിനാടാക്രമണം ഉണ്ടാകുന്നത് രവിവർമ്മ (1611-63) യുടെ കാലത്താണ്. ഇരവിക്കുട്ടിപ്പിള്ള മധുരസൈന്യത്തോട് പൊരുതി വീരചരമം പ്രാപിച്ചു. മുഗൾ സർദാർ എന്ന സാഹസികനായ മുസ്ലീമിന്റെ (മുകിലൻ പട) വേണാടാക്രമണം ഉണ്ടാകുന്നത് ഉമയമ്മ റാണിയുടെ കാലത്താണ്. ഈ യുദ്ധത്തിൽ റാണിക്ക് കോട്ടയം കേരളവർമ്മയുടെ സഹായം ലഭിക്കുകയും റാണി അദ്ദേഹത്തെ ദത്തെടുക്കുകകയും; ഇരണിയിൽ രാജകുമാരൻ പദവി നൽകുകയും ചെയ്തു. പുലപ്പേടി, മണ്ണാപ്പേടി എന്ന പ്രാചീനാചാരം നിരോധിച്ചത് ഇദ്ദേഹമാണ്.

ആദിത്യവർമ്മയുടെ കാലത്ത് യോഗക്കാരും പിള്ളമാരും രാജാവിനെതിരെ ഗുരുതരമായ നീക്കങ്ങൾ നടത്തി. രാജ്യത്ത് അരക്ഷിതാവസ്ഥ അരങ്ങേറി. നാട്ടുകാരുടെ അഞ്ചുതെങ്ങുകോട്ട ആക്രമണവും ഇക്കാലത്താണ് ഉണ്ടാകുന്നത്. പിന്നീടുവന്ന രാമവർമ്മയുടെ കാലത്ത് രാജാധികാരം തകർന്നു. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയും വേണാടു രാജാവും ഉടമ്പടിയിൽ ഒപ്പുവച്ചു. യോഗക്കാർക്കും പിള്ളമാർക്കും എതിരായ നീക്കങ്ങളിൽ രാജാവിന്റെ നില ശക്തിപ്പെടുത്താനായി ഇംഗ്ലീഷുകാരുടെ സഹായം തേടി. തുടർന്ന് ഭരണത്തിലേറിയ മാർത്താണ്ഡവർമ്മയാണ്-വേണാട്ടിൽ രാജാധികാരം പുനഃസ്ഥാപിച്ചതും പിള്ളമാരുടെയും യോഗക്കാരുടെയും ഭീഷണി, പൂർണ്ണമായും ഒഴിവാക്കിയതും, തുടർന്ന് സുസ്ഥിരമായ ഭരണത്തോടെ രാജ്യം വിപുലീകരിക്കുന്നതും.

### കോഴിക്കോട് (നെടിയിരിപ്പ് സ്വരൂപം)

കേരളോൽപത്തിയിലെ ഐതിഹ്യം അനുസരിച്ച് അവസാനത്തെ പെരുമാൾ കേരളം പകുത്തു സ്നേഹിതന്മാർക്കും ബന്ധുക്കൾക്കും നൽകിയിട്ട് മക്കത്തുപോയി എന്നും നെടിയിരിപ്പിലെ മാണിക്യനെന്നും വിക്കരനെന്നും പേരുള്ള ഏറാടി സഹോദരന്മാർക്ക് ചെറിയ ദേശവും തന്റെ 'ഒടിഞ്ഞവാളും', 'ഉടഞ്ഞ ശംഖും' കോടുത്തിട്ട് 'ചത്തും കൊന്നും കീഴടക്കിയും' ചക്രവർത്തിയായി മലനാടടക്കി വാഴുക എന്നത് ഉപദേശിച്ചുവെന്നുമാണ് വിശ്വസിക്കുന്നത്.

പതിമൂന്നാം ശതകംവരെ കോഴിക്കോട് ഒരു മികച്ച തുറമുഖവും സുശക്തമായ ഒരു രാജ്യത്തിന്റെ ആസ്ഥാനവുമായിരുന്നില്ല. കുലശേഖര സാമ്രാജ്യത്തിന്റെ പതനത്തിനുശേഷം കോഴിക്കോടും സമീപപ്രദേശങ്ങളും പോളനാടിന്റെ ഭാഗമായി രുന്നു. ഏറനാട്ടെ നെടിയിരിപ്പിലെ ഏറാടികൾ കടലിലേക്ക് ഒരു പ്രവേശമാർഗ്ഗം കണ്ടുപിടിക്കാനും സമുദ്രവാണിജ്യത്തിൽ നേരിട്ട് പങ്കെടുക്കാനും ചില പദ്ധതികൾ ആസൂത്രണം ചെയ്തു. ഏറാടിയും പോർളാതിരിയും തമ്മിലുള്ള യുദ്ധം ഒടുവിൽ കലാശിച്ചത് ഏറാടികളുടെ വിജയത്തിലായിരുന്നു. പോളനാടു പിടിച്ചടക്കിയതോടെ ഏറാടികൾ അവരുടെ ആസ്ഥാനം നെടിയിരിപ്പിൽ നിന്നും കോഴിക്കോട്ടേക്കു മാറ്റി. വേളാപുരം എന്ന സ്ഥലത്ത് കോട്ടയും കൊട്ടാരവും നിർമ്മിച്ചു. കോയിൽ+കോട്ട→ കോയിൽക്കോട്ട→ കോഴിക്കോട്. പതിനാലാം ശതകം മുതൽ കോഴിക്കോട് കേരളത്തിന്റെ രാഷ്ട്രീയ കാര്യങ്ങളിൽ പരിഗണനീയമായ ഒരു ശക്തിയായി ഉയർന്നു വന്നു. കേരളത്തിലെ ഏറ്റവും മികച്ച തുറമുഖമായിരുന്നു കോഴിക്കോട്. കുരുമുളക്, ഏലം, തുണിത്തരങ്ങൾ എന്നിവ കയറ്റുമതി ചെയ്തു പോന്നു. കോഴിക്കോട് ഒരു സ്വതന്ത്ര തുറമുഖമായിരുന്നു. അറബികളും ചീനക്കാരുമാണ് വിദേശ വാണിജ്യത്തിൽ മുമ്പന്മാരായിരുന്നത്.

കുന്നലക്കോനാതിരി, ശൈലാബ്ധീശ്വരൻ, പൂന്തുറക്കോൻ, ഏർളാതിരി, നെടിയിരിപ്പുമൂപ്പൻ എന്നിങ്ങനെ പല പേരുകളിലാണ് കോഴിക്കോടിന്റെ ഭരണാധികാ രിയായിരുന്ന സാമൂതിരി അറിയപ്പെട്ടിരുന്നത്. രാജാവ് സ്വേച്ഛാധികാരിയായിരുന്നു. എന്നാൽ പരമ്പരാഗതമായ നിയമങ്ങളെയും മന്ത്രിമാരുടെ ഉപദേശങ്ങളെയും രാജാവ് ആദരിക്ക ണമായിരുന്നു. ഭരണം സുഗമമാക്കുന്നതിനായി അദ്ദേഹത്തിന് 'സർവ്വാധികാര്യക്കാർ' ആയ നാല് പ്രധാന മന്ത്രിമാരും ഉണ്ടായിരുന്നു. പ്രധാന മന്ത്രിമാരിൽ മുമ്പൻ മങ്ങാട്ടച്ചൻ ആയിരുന്നു. ആയുധാചാര്യന്മാർ ധർമ്മോത്തു പണിക്കർ ആയിരുന്നു. രാജ്യം പലനാടുകളായി വിഭജിച്ചിരുന്നു. നാടുവാഴികൾ തലമുറയായി നാടിന്റെ ഭരണകാര്യങ്ങൾ നോക്കിവന്നു. യുദ്ധകാലത്ത് ഇവർ പടയാളികളെ അയച്ചുകൊടുത്തിരുന്നു. ഭണ്ഡാരം വക നികുതിപിരിവ് കാര്യക്കാരന്മാരും കണക്ക് സമർപ്പണം കൊട്ടാരം മേനോക്കികളും നടത്തിവന്നു.

സുശക്തമായ സൈന്യം സാമൂതിരിക്ക് ഉണ്ടായിരുന്നു. കളരിയിലൂടെ പരിശീലനം പൂർത്തിയാക്കുന്ന യുവാക്കളെ നാടുവാഴി പ്രാദേശിക സൈന്യത്തിൽ അംഗമാക്കിയിരുന്നു. അതിനു തെളിവായി വാൾ സമ്മാനിക്കുമായിരുന്നു. നാടുവാഴിയുടെ അഭിമതംപോലെ യുദ്ധത്തിൽ ചേർന്നു പടവെട്ടാൻ കടപ്പെട്ടവരാണ് ഇവർ. നഗരത്തിൽ 'തലച്ചെന്നോർ'എന്ന സേനാനായകന്മാരുടെ നേതൃത്വത്തിൽ സ്ഥിരം സൈന്യം ഉണ്ടായിരുന്നു. സാമൂതിരിയുടെ കുതിരപ്പട 'കുതിരവട്ടത്തു നായരുടെ മേൽനോട്ടത്തിലുമായിരുന്നു. കപ്പൽപടയ്ക്ക് നേതൃത്വം നൽകിയിരുന്നത് മാപ്പിളമാരായ കുഞ്ഞാലിമരയ്ക്കാന്മാരായിരുന്നു.

നീതി നിർവ്വഹണത്തിന്റെ പരമാധികാരി രാജാവ് തന്നെയായിരുന്നു. വ്യവഹാരം ആർക്കും സൗജന്യമായിരുന്നു. ക്രിമിനൽ കുറ്റങ്ങൾക്ക് പ്രാകൃതശിക്ഷയാണ് നടപ്പിലാക്കിയിരുന്നത്. ഇത്തരം ശിക്ഷകളിൽനിന്ന് ബ്രാഹ്മണരെ ഒഴിവാക്കിയിരുന്നു.

സാംസ്കാരിക രംഗത്തും ഏറെ പുരോഗതി കൈവരിച്ചിരുന്നു കോഴിക്കോട്. കോഴിക്കോട് നഗരം കവികളുടെയും പണ്ഡിതരുടെയും സങ്കേതമായിരുന്നു. സാമൂതിരിയുടെ സദസ്സിനെ 'പതിനെട്ടരക്കവികൾ' എന്ന പതിനെട്ട് രാജകവികളുടെ വിദ്വത്സദസ്സ് അലങ്കരിച്ചിരുന്നു. ഉദ്ദണ്ഡശാസ്ത്രികൾ, പയ്യൂർ ഭട്ടതിരിമാർ, കാക്കശ്ശേരി ഭട്ടതിരി, ചേന്നാസ് നാരായണൻ നമ്പൂതിരി, പുനം നമ്പൂതിരി തുടങ്ങിയ പ്രമുഖർ ഇതിൽ ഉൾപ്പെട്ടിരുന്നു. സാമൂതിരിയായ മാനവിക്രമനാണ് അനർഘരാഘവത്തിന് 'വിക്രമീയം' വ്യാഖ്യാനം രചിച്ചത്.

പ്രസിദ്ധമായ ‘രേവതി പട്ടത്താനവും’ നടന്നിരുന്നത് സാമൂതിരിയുടെ സദസ്സിലായിരുന്നു. തുലാമാസത്തിലെ രേവതീ നക്ഷത്രത്തിൽ കോഴിക്കോട്ടെ തളിയിൽ ക്ഷേത്രത്തിൽവെച്ച് സാമൂതിരിയുടെ സംരക്ഷണത്തിലാണ് ഇത് നടന്നു വന്നിരുന്നത്. സാമൂതിരിയായ മാനവേദനാണ് ‘കൃഷ്ണനാട്ടം’ ചിട്ടപ്പെടുത്തിയത്.

ശ്രീകൃഷ്ണന്റെ ജീവിതകഥ എട്ടു കാണ്ഡങ്ങളിലായി വിഭജിച്ച് സംസ്കൃതത്തിൽ രചിച്ച ‘കൃഷ്ണഗീതി’ എന്ന കാവ്യമാണ് ഇതിനായി ഉപയോഗിക്കുന്നത്. കഥകളി രൂപാന്തരപ്പെടുത്തുന്നതിൽ കൃഷ്ണനാട്ടം വഹിച്ച പങ്ക് അദ്വിതീയമാണ്.

**അറയ്ക്കൽ രാജവംശം**

കേരളത്തിലെ ഏക മുസ്ലീം രജാവംശമാണ് അറയ്ക്കൽ രാജവംശം. അതിന്റെ ഉത്ഭവത്തെക്കുറിച്ച് പലകഥകളുമുണ്ട്. ചേരമാൻ പെരുമാളിനോടൊപ്പം അദ്ദേഹത്തിന്റെ സഹോദരിയായ ശ്രീദേവിയും മതംമാറിയിരുന്നു. ശ്രീദേവിയുടെ മകൻ മഹാബലി മതംമാറി മമ്മാലിയായി. ഇദ്ദേഹമാണ് വംശസ്ഥാപകൻ അറയ്ക്കൽ രാജാക്കന്മാരെ മമ്മാലിക്കിടാവ് എന്ന് വിശേഷിപ്പിക്കാറുണ്ട്. മിനിക്കോയിയെ ലക്ഷദ്വീപിൽ നിന്ന് വേർതിരിക്കുന്ന ഭാഗം മമ്മാലിച്ചാൽ എന്നാണറിയപ്പെടുന്നത്. വില്യം ലോഗൻ മലബാർ മാന്വലിൽ പറയുന്നത് ഇപ്രകാരമാണ്, കോലത്തിരിയുടെ മന്ത്രിയായിരുന്ന അരയൻ കുളങ്ങര നായർ കോലത്തിരി രാജ്ഞിയെ വിവാഹം കഴിക്കുകയും മതം മാറുകയും ചെയ്തു. ഇവരാണത്രെ അറയ്ക്കൽ വംശസ്ഥാപകർ, ആര്യൻ കുളങ്ങര → അരയൻ കുളങ്ങര → അറയ്ക്കൽ. അതിനു തെളിവായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്ന ചില കാര്യങ്ങളുണ്ട്. അറയ്ക്കൽ രാജാവ് മരിച്ചാൽ ശവകച്ച നൽകുക കോലത്തിരിയാണ്. അറയ്ക്കൽ രാജാവിന്റെ കിരീടധാരണവേളയിൽ ആനച്ചമയങ്ങളും കോലത്തിരിയിൽ നിന്നാണ്.

അറയ്ക്കലിന്റെ ആദ്യ ആസ്ഥാനം ‘ധർമ്മടം’ എന്ന ധർമ്മ പട്ടണത്തിലായിരുന്നു. പിന്നീടത് കണ്ണൂരിലേക്ക് മാറ്റി. ഭരണാധികാരിയാകുന്ന വ്യക്തി പുരുഷനാണെങ്കിൽ ‘ആലിരാജാ’ എന്നും സ്ത്രീ ആണെങ്കിൽ ‘അറയ്ക്കൽ ബീവി’ എന്നുമാണ് അറിയപ്പെടുക. ഇവർ മരുമക്കത്തായികൾ ആയിരുന്നു. രാജവംശത്തിലെ മൂത്തയാളെ മേലാവ് എന്നും ഇളയ ആളെ ഇളയാവ് എന്നുമാണ് വിളിക്കുക. ഖുറാൻ ആദ്യമായി അറബിമലയാളത്തിൽ പരിഭാഷപ്പെടുത്തിയത് അറയ്ക്കലെ ഒരു ഇളയാവാണ്. 1770 മുതൽ 1849 വരെ ഭരിച്ച ജൂനുമ്മ ബീവി എന്ന രാജ്ഞിയാണ് ഏറ്റവുമധികം കാലം അറയ്ക്കൽ വാണ ഭരണാധികാരി. വിദേശികൾ അറയ്ക്കൽ രാജാക്കന്മാരെ സുൽത്താനുൽ ബഹർ (സമുദ്ര രാജാവ്) എന്നു വിളിച്ചു. ഹൈദരാലി, ടിപ്പുസുൽത്താൻ എന്നിവരുമായി അറയ്ക്കലിന് നല്ല ബന്ധമാണ് ഉണ്ടായിരുന്നത്. ഹൈദരാലി ലക്ഷദ്വീപും മാലിദ്വീപും അറയ്ക്കൽ രാജാവിനെ ഏല്പിച്ചിരുന്നു. അറയ്ക്കൽ 1780-ൽ ടിപ്പുവുമായി കരാറിൽ ഏർപ്പെട്ടു. അതനുസരിച്ച് ഇംഗ്ലീഷുകാർക്കെതിരെ അറയ്ക്കൽ ടിപ്പുവിനെ സഹായിക്കും. പക്ഷെ, 1790-ൽ ബ്രിട്ടീഷുകാർ കണ്ണൂർ കോട്ട പിടിച്ചടക്കി. 1911 ആയപ്പോഴേക്കും അറയ്ക്കൽ രാജപദവിതന്നെ ഇല്ലാതായി. 1921ലെ ഖിലാഫത്ത് വിപ്ലവം പടരാതെ തടയുന്നതിൽ പ്രധാന പങ്കുവഹിച്ചു അറയ്ക്കൽ കുടുംബം.

# മൊഡ്യൂൾ–3

ആദ്യകാല മലയാള സാഹിത്യത്തിന്റെ പ്രബലമായ രണ്ട് വിഭാഗങ്ങളാണ് പാട്ടും മണിപ്രവാളവും. മണിപ്രവാളം ത്രൈവർണികരുടെ ഭാഷയിലാണ്. എന്നാൽ പാട്ട് സാധാരണക്കാരുടെ ഭാഷയിലും. വിഷയസ്വീകരണത്തിൽ മണിപ്രവാളം കല്പിത വിഷയങ്ങളും പാട്ട് ഇതിഹാസപുരാണാദികളായ വിഷയങ്ങളുമാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

## പാട്ട്

പതിനാലാം നൂറ്റാണ്ടിൽ വിരചിതമായ ലീലാതിലകം എന്ന മണിപ്രവാള ലക്ഷണ സംസ്കൃത ഗ്രന്ഥത്തിൽ പാട്ടിനെ ഇപ്രകാരം നിർവ്വചിച്ചിരുന്നു.

*"ദ്രാവിഡ സംഘാതാക്ഷര നിബദ്ധ–*

*മെതുക മോന വൃത്തവിശേഷയുക്തം പാട്ട്"*

ആയത് പാട്ട് തമിഴ് അക്ഷരമാലയിലെ അക്ഷരങ്ങൾകൊണ്ട് രചിച്ചതായിരിക്കണം. അതിൽ എതുക, മോന എന്നീ പ്രാസങ്ങൾ ഉണ്ടായിരിക്കണം. മലയാളത്തിലെ ദ്വിതീയാക്ഷര പ്രാസത്തിനു സമാനമാണ് എതുക. ഓരോ പാദത്തിലേയും പൂർവ്വോത്തര ഭാഗങ്ങളിലെ ആദ്യ അക്ഷരങ്ങൾ യോജിച്ചുവരുന്നതാണ് മോന. ദ്രാവിഡ വൃത്തങ്ങളായിരിക്കണം കാവ്യരചനയ്ക്ക് ഉപയോഗിക്കേണ്ടത്. അഥവാ സംസ്കൃത പദങ്ങൾ ഉപയോഗിക്കേണ്ടി വന്നാൽ അവ തത്ഭവങ്ങളാക്കി ഉപയോഗിക്കണം (ഉദാ– ശ്രീരാമൻ - ചീരാമൻ). പാട്ടുസാഹിത്യത്തിൽപ്പെട്ട മുഖ്യകൃതികളാണ് രാമചരിതം, തിരുനിഴൽമാല, രാമകഥാപ്പാട്ട്, ഭാരതംപാട്ട്, പയ്യന്നൂർപാട്ട്, കണ്ണശ്ശ കൃതികൾ, കൃഷ്ണഗാഥ എന്നിവ. ആദ്യകാല പാട്ടുസാഹിത്യത്തിൽ മേൽപ്പറഞ്ഞ ലക്ഷണം പൂർണ്ണമായി പാലിക്കപ്പെട്ടിരുന്നെങ്കിൽ പിന്നീടുള്ള കൃതികളിൽ അതിന് അയവു വരുന്നത് കാണാൻ സാധിക്കും.

## മണിപ്രവാളം

"ഭാഷാ സംസ്കൃതയോഗോ മണിപ്രവാളം" എന്നാണ് ലീലാതിലകകാരൻ മണിപ്രവാളത്തിന് നൽകുന്ന ലക്ഷണം. മണിയാകുന്ന മലയാള പദങ്ങളും പവിഴമാകുന്ന സംസ്കൃതപദങ്ങളും സമഞ്ജസമായി സമ്മേളിക്കുമ്പോഴുണ്ടാകുന്ന ഭാഷയാണ് മണിപ്രവാളം.

*"തമിഴ്മണി സംസകൃത പവിഴം*

*കോക്കിന്റേൻ വൃത്തമാന ചെന്നൂന്മേൽ"*

എന്നും ലീലാതിലകകാരൻ പറയുന്നു. മാണിക്യവും പവിഴവും ചെന്നൂലിന്മേൽ കോർത്താൽ തിരിച്ചറിയാനാവാത്ത വിധം ഒരുപോലെ ഇരിക്കുന്നമാതിരിയായിരിക്കണം ഭാഷാപദങ്ങളുടെയും സംസ്കൃതപദങ്ങളുടെയും ചേർച്ച എന്ന് ഇതിലൂടെ സൂചിപ്പിക്കുന്നു. ലീലാതിലകകാരൻ മണിപ്രവാളത്തെ ഒമ്പതായി വിഭജിക്കുന്നു. ഉത്തമം, ഉത്തമകല്പം, മധ്യമം, മധ്യമകല്പം, അധമം എന്നീ വിഭാഗങ്ങളിലായാണത്. ഭാഷയ്ക്കും (മലയാളം) രസത്തിനും പ്രാധാന്യം നൽകുന്ന മണിപ്രവാളം ഉത്തമവും, ഭാഷയും രസവും കുറവായിക്കാണുന്ന മണിപ്രവാളം അധമവും ആകുന്നു. ഭാഷയ്ക്ക് പ്രാധാന്യവും രസത്തിനും വാച്യാർത്ഥത്തിനും തുല്യ പ്രാധാന്യവുമുള്ളത്, രസം പ്രധാനമായും ഭാഷയും സംസ്കൃതവും തുല്യമായും വരുന്നത് എന്നിങ്ങനെ ഉത്തമ കല്പം രണ്ടുവിധം. ഭാഷാ സംസ്കൃതപദങ്ങൾക്കും രസവാച്യങ്ങൾക്കും തുല്യപ്രാധാന്യമുള്ളത് മധ്യമം. ഭാഷയും സംസ്കൃതവും സമമായും

രസത്തേക്കാൾ വാച്യം പ്രധാനമായും കാണുന്നത്, വാച്യാർത്ഥത്തിനും രസത്തിനും തുല്യ പ്രാധാന്യവും ഭാഷയേക്കാൾ സംസ്കൃതത്തിന് പ്രാധാന്യവും ഉള്ളത്, ഭാഷ ഏറിയും രസം കുറഞ്ഞും ഇരിക്കുന്നത്, രസം പ്രധാനമായും ഭാഷ കുറവായും എന്നിങ്ങനെ മധ്യമകല്പം നാലുവിധം.

സമൂഹത്തിൽ ഉയർന്ന ശ്രേണിയിൽ വിരാജിച്ചിരുന്നവരായിരുന്നു മണിപ്രവാള കൃതികളുടെ രചയിതാക്കൾ എന്നതിനാൽതന്നെ അവ പാട്ടു സാഹിത്യത്തിന്റെ വിഷയ സ്വീകരണത്തിൽനിന്നു ഭിന്നമായി സ്ത്രീ ശരീരവർണ്ണനകൾക്കും സംഭോഗ ശൃംഗാരത്തിനും പ്രാധാന്യം നൽകി. ഉണ്ണിയാടി, ഉണ്ണിയച്ചി, ഉണ്ണിച്ചിരുതേവി ചരിതങ്ങൾ ഇതിനു സാക്ഷ്യം നിൽക്കുന്നു. മണിപ്രവാള സാഹിത്യത്തിലെ പ്രബലമായ ചില വിഭാഗങ്ങളാണ് ചമ്പുക്കളും സന്ദേശകാവ്യങ്ങളും.

*'ഗദ്യപദ്യാത്മകം കാവ്യം*
*ചമ്പൂരിത്യഭിധീയതേ'*- എന്നാണ് ചമ്പുവിന്റെ ലക്ഷണം

വൈശികതന്ത്രം മുതൽ ചന്ദ്രോത്സവം വരെയുള്ള ആദ്യകാല മണിപ്രവാള കൃതികളിൽ മണിപ്രവാള ലക്ഷണങ്ങൾ പൂർണ്ണമായി കാണാൻ സാധിക്കുമെങ്കിലും പിന്നീടുള്ള കൃതികളിൽ അവ പൂർണ്ണമായും പാലിച്ച് കാണുന്നില്ല. ഭാഷയിലും വിഷയസ്വീകരണത്തിലും അവ ചില വ്യതിയാനങ്ങൾ കാണിക്കുന്നുണ്ട്. പാട്ടുഭാഷ യിലും മണിപ്രവാളത്തിലും കാലക്രമേണ വ്യവസ്ഥകൾക്കുണ്ടായ ഈ അയവാണ് പിന്നീട് എഴുത്തച്ഛനിൽ അവയുടെ ശരിയായ സംയോഗത്തിന് വഴിതെളിയിച്ചതും മലയാള ഭാഷ കരുത്തുറ്റതായി തീരുന്നതിന് കാരണമായിത്തീർന്നതും.

## കേരളീയ ക്ഷേത്രകലകളുടെ ആവിർഭാവം

ആര്യാധിനിവേശത്തോടെ പുതിയൊരു ക്രമത്തിലേക്ക് വഴിമാറിയിരുന്നു കേരളത്തിന്റെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക മതമേഖല. ആര്യദ്രാവിഡ സമന്വയത്തിന്റെ അംശങ്ങൾ ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. ആയതിനാൽതന്നെ കൊല്ലവർഷത്തിന്റെ (എ.ഡി. 825) ആദ്യ ശതകങ്ങൾ കേരളത്തിന്റെ 'സുവർണ്ണകാലം' എന്നു വിശേഷിപ്പിക്കപ്പെട്ടു. കേരളത്തിലെ പ്രധാന ക്ഷേത്രങ്ങളുടെയെല്ലാം നിർമ്മാണകാലം കൂടിയാണിത്. അവ കേവലം ആരാധനാലയങ്ങൾ മാത്രമായിരുന്നില്ല. പ്രത്യുദ വിദ്യാകേന്ദ്രവും കലാകേന്ദ്രവുമെല്ലാമായിരുന്നു. ശില്പകല, ചിത്രകല, സംഗീതം, നൃത്തം, നാട്യം എന്നീ മേഖലകളിലെല്ലാം വൻ കുതിപ്പ് ഇക്കാലത്തുണ്ടായി. കൂത്ത്, കൂടിയാട്ടം മുതലായ പുതിയ കലാരൂപങ്ങൾ രൂപം കൊള്ളുന്നതും ഇക്കാലത്താണ്. മറ്റ് പുതിയ കലാരൂപങ്ങളുടെ ഉരുവപ്പെടലിനു കാരണമാകുന്നതിനും ഇക്കാലത്തുണ്ടായ കൂത്ത്, കുടിയാട്ടം മുതലായ കലാരൂപങ്ങൾക്കു കഴിഞ്ഞു.

## കൂത്ത്

ഭഗവൽക്കഥ വർണ്ണിക്കുന്ന ഏകാഭിനയപ്രധാനമായ ദൃശ്യകലാ പ്രകടനമാണ് കൂത്ത്. ചാക്യാർ വിഭാഗമാണ് കൂത്ത് അവതരിപ്പിച്ചിരുന്നത്. അവതരണവേദി ക്ഷേത്രങ്ങളോടനു ബന്ധിച്ചുള്ള കൂത്തമ്പലങ്ങളായിരുന്നു. കൂത്തിന് 'നൃത്തം' എന്ന് അർത്ഥമുണ്ട്. 'കുദ്' എന്ന സംസ്കൃത ധാതുവിൽ നിന്നും നിഷ്പന്നമായ 'കുർദനം' എന്ന വാക്കിൽ നിന്നാണ് ഇതിന്റെ ഉത്ഭവം. പുരാണകഥകൾ രസകരമായി വിശദീകരിച്ച് ജനങ്ങൾക്ക് അറിവു നൽകുകയാണ് ചെയ്തുപോന്നിരുന്നത്. ഇതിനോടുകൂടെ അംഗചലനവും ഭാവാഭിനയവും ഒന്നിച്ചു ചേരുന്നുണ്ട്. ചാക്യാർ കൂത്ത് പറയുമ്പോൾ നമ്പ്യാർ മിഴാവുകൊട്ടും, നങ്ങ്യാർ

കുഴിത്താളവും. സംസ്കൃത പ്രബന്ധം ചൊല്ലി, കഥ മനോധർമ്മങ്ങൾ ചേർത്ത് ഫലിത പൂർണ്ണമായി വിസ്തരിച്ചു നടത്തുന്ന കൂത്ത് സാമൂഹിക വിമർശനം കൂടി നിർവ്വഹിച്ചുവരുന്നു. നൈമിശാരണ്യത്തിൽ സൂതൻഋഷികൾക്കു പുരാണകഥ പറഞ്ഞുകൊടുക്കുന്നു എന്നതാണ് കൂത്തിനു പിന്നിലെ സങ്കല്പം.

## കൂടിയാട്ടം

സംസ്കൃതനാടകങ്ങളുടെ കേരളീയാവതരണമാണ് കൂടിയാട്ടം. കൂത്തമ്പലങ്ങളിലാണ് ഇത് നടത്തിയിരുന്നത്. ചാക്യാന്മാരും നങ്ങ്യാന്മാരും ആണ് കൂടിയാട്ടം അവതരിപ്പിക്കുക. സ്ത്രീവേഷം നങ്ങ്യാന്മാരാണ്. മിഴാവ് കൊട്ടുക നമ്പ്യാരും നാട്യശാസ്ത്രമാണ് കൂടിയാട്ടത്തിലെ നാട്യത്തിന്റെ പിൻബലം. ഹസ്തലക്ഷണ ദീപികയിലെ ഇരുപത്തിനാല് മുദ്രകളാണ് അടിസ്ഥാനം. ലളിതമായ രംഗസജ്ജീകരണമാണ് ഉള്ളത്. പച്ച, പഴുക്ക എന്നീ രണ്ടു വിധത്തിലാണ് നായകവേഷം. വിദൂഷകന് കൂത്തിലെ ചാക്യാർ വേഷം തന്നെയാണ്. സ്ത്രീവേഷം പഴുക്കയാണ്. മൂന്നുവിധം അഭിനായ പ്രകരണങ്ങളാണ് കൂടിയാട്ടത്തിലുള്ളത്. പതിഞ്ഞാട്ടം, ഇളകിയാട്ടം, ഇരുന്നാട്ടം എന്നിവ. നായികാനായകന്മാർ ചൊല്ലുന്ന പ്രാകൃത സംസ്കൃതശ്ലോകങ്ങൾക്ക് മലയാള സംസ്കൃത ശ്ലോകങ്ങൾ ചൊല്ലി വിദൂഷകൻ വ്യഖ്യാനിക്കും. വിനോദം, വഞ്ചനം, അശനം, രാജസേവ എന്നിവയാണ് കൂടിയാട്ടത്തിലെ പുരുഷാർത്ഥങ്ങൾ. എ.ഡി. എട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കുലശേഖരവർമ്മയാണ് കൂടിയാട്ടത്തിന്റെ ഉപജ്ഞാതാവായി കരുതുന്നത്. അദ്ദേഹവും സചിവനായ തോലനും കൂടിയാണത്രേ കൂടിയാട്ടം ചിട്ടപ്പെടുത്തിയത്.

## കഥകളി

കേരളത്തിന്റെ തനതു ദൃശ്യകലാരൂപമാണ് കഥകളി. ഇത് നൃത്താഭിനയ പ്രധാനമാണ്. അതായത് പദാർത്ഥാഭിനയമാണ് ഇതിൽ നടക്കുന്നത്. ചതുർ വിധാഭിനയങ്ങളിൽ (ആംഗികം, വാചികം, സാത്വികം, ആഹാര്യം) വാചികത്തിന് കഥകളിയിൽ സ്ഥാനമില്ല. വാചികാഭിനയത്തിനുപകരം സംഗീതമാണ്. മുദ്രക്കൈ, വാദ്യങ്ങൾ, വേഷങ്ങൾ, സംഗീതം, രംഗചടങ്ങുകൾ എന്നീ ഘടകങ്ങൾ ഒത്തുചേർന്നാലേ കഥകളി പൂർണ്ണമാകൂ. മുദ്രകൊണ്ടാണ് കഥകളിയിലെ ആംഗികാഭിനയം നിർവ്വഹിക്കുന്നത്. ഹസ്തലക്ഷണദീപിക എന്ന നാട്യശാസ്ത്രഗ്രന്ഥമാണ് മുദ്രാഭിനയത്തിൽ കഥകളി നടന്മാർക്ക് അവലംബം. ചെണ്ട, ശുദ്ധമദ്ദളം, ഇലത്താളം, ചേങ്ങില എന്നീ നാലുവാദ്യങ്ങൾ വേണം കഥകളിക്ക്. പച്ച, മിനുക്ക്, കത്തി, താടി, കരി എന്നിവയാണ് പ്രധാന വേഷങ്ങൾ. ധീരോദാത്തരായ രാജാക്കന്മാർക്കും സാത്വിക വിഭാഗത്തിൽപ്പെടുന്ന ഇതര നായകന്മാർക്കും പച്ച. ബ്രാഹ്മണർക്കും, മുനിമാർക്കും സ്ത്രീകൾക്കും മിനുക്കുവേഷം. രാജസവിഭാഗത്തിൽപെടുന്നതാണ് കത്തി, താടി എന്നിവ. താമസപ്രകൃതികളായ ദുഷ്ടകഥാപാത്രങ്ങൾക്ക് കരിവേഷം. സോപാന സംഗീതരീതിയാണ് കഥകളിയിൽ സ്വീകരിച്ചിരിക്കുന്നത്. പ്രധാന പാട്ടുകാരനെ പൊന്നാനിയെന്നും കൂടെപ്പാടുന്നയാളെ ശിങ്കിടി എന്നും പറയുന്നു. കേളി, അരങ്ങുകേളി, തോടയം, വന്ദനശ്ലോകം, പുറപ്പാട്, മഞ്ജുതര (മേളപ്പദം) എന്നിവയാണ് രംഗചടങ്ങുകൾ. മേളപ്പദത്തിനുശേഷം കഥകളി ആരംഭിക്കുന്നു. കവിവാക്യമായ ശ്ലോകം ചൊല്ലുന്നതോടുകൂടി കഥാപാത്രം രംഗത്തു പ്രത്യക്ഷപ്പെടുന്നു. കഥകളിയിൽ ശ്ലോകങ്ങൾ കവിവാക്യമാണ്; പദങ്ങൾ കഥാപാത്രവാക്യവും പിറകിൽ കേൾക്കുന്ന പാട്ടിന്റെ പദം പ്രതിയുള്ള അർത്ഥം കൈമുദ്രകൾ കൊണ്ടും ഭാവസ്ഫുരണങ്ങൾകൊണ്ടും അഭിനയിക്കുന്നതാണ് ചൊല്ലിയാട്ടം. മനോധർമ്മം ആടുന്നതിന് ഇളകിയാട്ടം എന്നു പറയുന്നു. രാമനാട്ടം പരിഷ്കരിച്ചാണ് കഥകളി ഉണ്ടായത്. കഥകളിയുടെ സാഹിത്യമാണ് ആട്ടക്കഥ. കപ്ലിങ്ങാടൻ, ചിട്ട, കല്ലുവഴിചിട്ട, തെക്കൻ, വടക്കൻ എന്നിങ്ങനെ പല വിഭജനങ്ങൾ അവതരണത്തിലുണ്ട്.

### തുള്ളൽ

സാധാരണ ജനങ്ങളെ ആകർഷിക്കുന്ന ഒരു ദൃശ്യകലാരൂപമാണ് തുള്ളൽ. ചാക്യാരുടെ പരിഹാസത്തിന് വിധേയനായ നമ്പ്യാർ തക്ക മറുപടി നൽകുന്നതിനായി അടുത്ത ദിവസം തന്നെ പുതിയൊരു കലാരൂപം അവതരിപ്പിച്ചുവെന്നും അതിൽ ജനങ്ങൾ ആകൃഷ്ടരായി എന്നുമാണ് തുള്ളലിന്റെ ഉത്ഭവകഥ. ഇത് തികച്ചും ഒരു ക്ഷേത്രകലയല്ല. കൂത്ത്, കൂടിയാട്ടം, കഥകളി, പടയണി, കോലൻ തുള്ളൽ എന്നിങ്ങനെയുള്ള കലാരൂപങ്ങളിൽ നിന്നുള്ള അംശങ്ങളെല്ലാം നമ്പ്യാർ തുള്ളലിനുവേണ്ടി സ്വീകരിച്ചു. തുള്ളൽ മൂന്ന് വിധമുണ്ട്-പറയൻ, ശീതങ്കൻ, ഓട്ടൻതുള്ളൽ അവതരിപ്പിക്കാൻ തുള്ളൽക്കാരനും, മദ്ദളക്കാരനും, താളക്കാരനും ആവശ്യമാണ്. തുള്ളൽ സാഹിത്യത്തെ തുള്ളൽക്കഥകൾ എന്നുപറയുന്നു. നമ്പ്യാർ തന്നെയാണ് തുള്ളൽക്കഥകൾ രചിച്ചിരുന്നത്. തരംഗിണിയാണ് ഓട്ടൻ തുള്ളലിലെ പ്രധാന വൃത്തം. കാകളി, കേക, കളകാഞ്ചി എന്നീ വൃത്തങ്ങളെല്ലാം ഇതിൽ കാണാം. പറയൻ, ശീതങ്കൻ എന്നിവയേക്കാൾ മുറുക്കം കൂടുതലാണ് ഓട്ടൻ തുള്ളലിന്. വേഷവിധാനത്തിലും മൂന്നു തുള്ളലുകളും വ്യത്യാസപ്പെട്ടിരിക്കുന്നു. പുലയരുടെ ഇടയിലുള്ള ചില നൃത്തങ്ങളുടെ പരിഷ്കൃത രൂപമാണ് ശീതങ്കൻ തുള്ളൽ. പറയൻ തുള്ളൽ പറയരുടെ വിനോദത്തിന്റെ പരിഷ്കൃത രൂപമായി കരുതപ്പെടുന്നു. ബാധോച്ചാടനത്തിനായി വേലന്മാർ നടത്തുന്ന അനുഷ്ഠാനത്തിന്റെ പരിഷ്കൃതരൂപമാണ് ഓട്ടൻ തുള്ളൽ എന്ന് പറയപ്പെടുന്നു.

ഇതിഹാസ പുരാണകഥകൾ കേരളീയ പരിസരത്തിൽ ആവിഷ്കരിച്ചുകൊണ്ട് സാമൂഹിക വിമർശനം നടത്തുക എന്നതായിരുന്നു നമ്പ്യാരുടെ ഉദ്ദേശ്യം. അതിന്നായി അദ്ദേഹം പഴഞ്ചൊല്ലുകളുടെയും ലോകോക്തികളുടെയും സഹായം തേടി. ഇതാണ് നമ്പ്യാരെ ജനകീയ കവിയാക്കിതീർത്തത്. അദ്ദേഹത്തിന്റെ തുള്ളൽക്കവിതകൾ കൈരളിയുടെ പൊട്ടിച്ചിരിയായി കരുതുന്നതിനും കാരണം ഇതുതന്നെ.

### ഭക്തിപ്രസ്ഥാനം

ഭാരതത്തിലുടനീളം ആഞ്ഞടിച്ച ഭക്തിപ്രസ്ഥാനത്തിന്റെ കാറ്റ് കേരളത്തിലും എത്താതിരുന്നില്ല. ഹിന്ദുമത നവീകരണവും കൂട്ടത്തിൽ നടന്നിരുന്നു. കേരളത്തിൽ രണ്ടാം ചേര സാമ്രാജ്യത്തിലെ കുലശേഖരചക്രവർത്തിമാരുടെ കാലത്ത് ഹിന്ദുമതം വമ്പിച്ച വളർച്ച നേടി. ഒൻപതാം നൂറ്റാണ്ടിൽ കുലശേഖര ആഴ്‌വാർ, ചേരമാൻ പെരുമാൾ നായനാർ, വിറന്മിണ്ട നായനാർ എന്നിവരുടെ ആഭിമുഖ്യത്തിൽ ഭക്തിപ്രസ്ഥാനം ആവിർഭവിച്ചു. ഭക്തിപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളായ സിദ്ധന്മാർ, വിഷ്ണു, ശിവൻ-തുടങ്ങിയ ഹൈന്ദവ ദേവന്മാരുടെയും ദേവിമാരുടെയും ആരാധനയ്ക്ക് പ്രചാരം നേടിക്കൊടുത്തു. ആര്യേതരമായ ദേവതകളെയും ആചാരങ്ങളെയും ഹിന്ദുമതം സ്വന്തമാക്കുകയും ചെയ്തു. "കൊറ്റവൈ" എന്ന ദ്രാവിഡ ദേവത ദുർഗ്ഗ, കാളി, ഭഗവതി എന്നീ പേരുകളിൽ ഹൈന്ദവ ദേവന്മാരുടെ അണികളിൽ സ്വീകരിക്കപ്പെട്ടു, ജനസാമാന്യം ആരാധിച്ചുപോന്ന ശാസ്താവിനെ ബ്രാഹ്മണർ ഹരിഹരപുത്രൻ എന്ന പേരിൽ ഹിന്ദു ദേവനാക്കി. ഹിന്ദുമതത്തിലെ ശൈവ-വൈഷ്ണവ വിഭാഗങ്ങളെയും ബുദ്ധമതത്തിൽ നിന്നും പുതുതായി ഹിന്ദുമതത്തിലേക്കു വന്നവരേയും ഒരുപോലെ ആകർഷിക്കുവാനാണ് അവർ ഈ പുതിയ ദേവനെ ഇങ്ങനെ വാർത്തെടുത്തത്. ഹിന്ദുമത പരിഷ്കരണത്തിനുവേണ്ടിയുള്ള ശങ്കരാചാര്യരുടെ പ്രവർത്തനങ്ങൾ സംസ്കൃതത്തിലായിരുന്നതുകൊണ്ട് അകന്നു നിന്നിരുന്ന ജനസാമാന്യത്തെ ആകർഷിക്കുന്നതിന് ഹൈന്ദവ സിദ്ധന്മാരുടെ ഭജനകൾക്ക് കഴിഞ്ഞു. അവർ ജാതി വ്യവസ്ഥയെ അവഗണിച്ചു. ഭക്തിയുടെ പാരമ്യത്തിൽ ഈശ്വരന് മുഴുവനായി സമർപ്പിക്കുന്ന രീതിയായിരുന്നു അത്. അത് ജനസാമാന്യത്തെ ആകർഷിച്ചു.

ഭക്തിയോഗത്തിനു പരമ പ്രാധാന്യം നൽകിക്കൊണ്ട് കടന്നുവന്ന രണ്ട് കവികളായിരുന്നു എഴുത്തച്ഛനും, പൂന്താനവും. എഴുത്തച്ഛന്റെ അദ്ധ്യാത്മ രാമായണവും പൂന്താനത്തിന്റെ ജ്ഞാനപ്പാനയും ഈ രീതിയിൽ പ്രസിദ്ധങ്ങളാണ്. തങ്ങളുടെ കാവ്യങ്ങളിലൂടെ സാധാരണ ജനങ്ങളെ ഈശ്വരാഭിമുഖ്യമുള്ളവരാക്കി ധാർമ്മികമായൊരു ജീവിതം കെട്ടിപ്പടുക്കാൻ ഈ കവികൾ അവരെ സഹായിച്ചു.

**ചെറുശ്ശേരി**

മലയാള സാഹിത്യത്തിന്റെ ശാലീനതയ്ക്ക് മകുടോദാഹരണമായ കൃഷ്ണ ഗാഥയുടെ കർത്താവായാണ് ചെറുശ്ശേരി അറിയപ്പെടുന്നത്. ഇദ്ദേഹം കോലത്തുനാട്ടു രാജാവായ ഉദയവർമ്മന്റെ സദസ്യനായിരുന്നു. അദ്ദേഹത്തിന്റെ നിർബന്ധത്തിനു വഴങ്ങിയാണ് കൃഷ്ണഗാഥ രചിച്ചതും. കൃഷ്ണഗാഥാകാരൻ ചെറുശ്ശേരിയാണെന്നും അതല്ല പുനം നമ്പൂതിരിയാണെന്നും വ്യത്യസ്ത വാദഗതികളുണ്ട്. കൂടാതെ ചെറുശ്ശേരിയും പുനവും ഒരാളാണെന്നും ചിലർ അഭിപ്രായപ്പെടുന്നു. ചെറുശ്ശേരി എന്നത് ഇല്ലപ്പേരാണ്. കവിയുടെ പേര് ശങ്കരനെന്നോ മറ്റോ ആയിരിക്കാമെന്നു അനുമാനിക്കുന്നു. ഉത്തരകേരളീയനായിരുന്നു കവി എന്ന് കൃതിയിലെ ഭാഷയിൽ നിന്ന് ഊഹിക്കാം. പിന്നീട് ചെറുശ്ശേരി ഇല്ലം അന്യം നിന്നതാകാനാണ് സാധ്യത. കൃഷ്ണഗാഥ കൂടാതെ ഭാരതഗാഥ എന്നൊരു കൃതികൂടി ചെറുശ്ശേരിയുടേതായി കരുതിവരുന്നു. എന്നാൽ സാഹിത്യഗുണം അധികം ഇല്ലാത്ത ഭാരതഗാഥ, കൃഷ്ണഗാഥപോലെ ഉത്തമമായൊരു കാവ്യം രചിച്ച ആളുടേതായി കരുതാൻ സാധിക്കില്ല എന്ന് അഭിപ്രായപ്പെടുന്നവരും ഉണ്ട്. സാഹിത്യ പഞ്ചാനനന്റെ അഭിപ്രാ യത്തിൽ കവിയുടെ ജീവിതകാലം കൊല്ലവർഷം 650നും 750നും ഇടയിൽ ആകാനാണ് സാധ്യത. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ഉത്തരകേരളത്തിലെ പല നമ്പൂതിരി ഗൃഹങ്ങളുടെയും കൂട്ടത്തിൽ ചെറുശ്ശേരി ഇല്ലവും നാമാവശേഷമായി എന്ന് കരുതുന്നത് യുക്തിസഹമാകും. എന്തായാലും കൃതിയിൽ കാണുന്ന ശൃംഗാരം, ഫലിതം, ഭക്തി എന്നീ ഭാവങ്ങൾ നിരൂപിച്ചു നോക്കിയാൽ കൃഷ്ണഗാഥാകാരൻ ഒരു നമ്പൂതിരിയാണെന്ന് അനുമാനിക്കാം. പ്രതിഭയും വ്യുല്പത്തിയും ഒത്തിണങ്ങിയ അനുഗൃഹീതനായ കവിയായിരുന്നു ചെറുശ്ശേരി.

**എഴുത്തച്ഛൻ**

എഴുത്തച്ഛനെ ആധുനിക മലയാളഭാഷയുടെ പിതാവായി കരുതിപ്പോരുന്നു. തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ എന്നാണ് പൂർണ്ണനാമം. ചക്കാലനായരാണെന്നും എഴുത്താശാന്മാരുടെ വിഭാഗമാണെന്നും പറഞ്ഞു വരുന്നു. ക്രിസ്തുവർഷം 1475നും 1575നും ഇടയിലാണ് എഴുത്തച്ഛന്റെ ജീവിതകാലമെന്ന് സാമാന്യമായി അനുമാനിക്കും. വെട്ടത്തുനാട്ടിലാണ് അദ്ദേഹം ജനിച്ചത്. കിളിയെകൊണ്ട് കഥപറയിക്കുന്ന കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ് അദ്ദേഹം. കേരളത്തിലെ ധാർമികജീവിതം താഴേക്ക് കൂപ്പുകുത്തിക്കൊണ്ടിരുന്ന സാഹചര്യത്തിലാണ് ഉയർന്ന ധാർമ്മികബോധവും ആത്മീയതയും ഉൾക്കൊള്ളുന്ന കൃതികളുമായി എഴുത്തച്ഛൻ രംഗപ്രവേശം ചെയ്തത്. മലയാള ഭാഷയിൽ മാത്രമല്ല മലയാളക്കരയിലും നവീകരണത്തിന്റെ വക്താവായി എഴുത്തച്ഛൻ. അതിനാൽതന്നെ എഴുത്തച്ഛൻ വിവർത്തനം ചെയ്തത് വാല്മീകി രാമായണമല്ല; അദ്ധ്യാത്മരാമായണമാണ്. അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, ഭാരതം കിളിപ്പാട്ട് എന്നിവയാണ് എഴുത്തച്ഛന്റെ പ്രധാന കൃതികൾ. ഭാഗവതം, ഹരിനാമകീർത്തനം, ചിന്താരത്നം, ഉത്തരരാമായണം, ശിവപുരാണം, ഇരുപത്തിനാലുവൃത്തം, ദേവീമാഹാത്മ്യം എന്നീ കൃതികളും എഴുത്തച്ഛന്റേതായിക്കരുതുന്നു.

എഴുത്തച്ഛന്റെ രാമായണം പിന്നീട് കേരളക്കരയിലാകെ ഒരു സംസ്കാരമായി വികസിച്ചു. സാക്ഷരരായ ജനങ്ങൾ രാമായണ പാരായണം നടത്തിയും നിരക്ഷരർ അത് ശ്രവിച്ചും പുതിയ സാമൂഹിക ബോധത്തിന്റെ വക്താക്കളായി. അദ്ധ്യാത്മ രാമായണത്തിലൂടെ വാർന്നുവീണ ജീവിത മാതൃകകളും, ജീവിത ബന്ധങ്ങളും സാധാരണ ജനങ്ങളെ സ്പർശിച്ചു. വിപുലനത്തിനും സംക്ഷേപത്തിനും എഴുത്തച്ഛനുള്ള കഴിവ് വിളിച്ചോതുന്നതാണ് അദ്ദേഹത്തിന്റെ ഭാരതം കിളിപ്പാട്ട്. ഇത് ഒരു സ്വതന്ത്ര തർജ്ജമയാണ്. കാവ്യഗുണവും ശില്പ ഭദ്രതയും ഈ കൃതിക്ക് കൂടും ഉദ്വേഗജനകമായ രംഗങ്ങൾ ചിത്രീകരിക്കുവാനുള്ള എഴുത്തച്ഛന്റെ കഴിവ് ഇതിൽ പ്രത്യേകം പരാമർശിക്കേണ്ടതാണ്. പദസ്വാധീനവും അപാരംതന്നെ.

ഉദാത്തമായ ധാർമ്മികത, തീവ്രമായ ഭക്തി, പ്രബോധനാത്മകത, മാനുഷികത എന്നീ സവിശേഷതകൾ ഉൾക്കൊണ്ട അദ്ദേഹത്തിന് അതാവിഷ്കരിക്കാൻ പുതിയൊരു ഭാഷ ആവശ്യമായിരുന്നു. അതുവരെ നിലനിന്നിരുന്ന പാട്ടുഭാഷയെയും മണിപ്രവാളത്തെയും നാടൻപാട്ടിലെ വാമൊഴിവഴക്കങ്ങളെയും കൃഷ്ണഗാഥയിലെ തെളിമലയാളത്തെയും ഉൾക്കൊണ്ട് തേജസ്സും ഓജസ്സുമുള്ള ഒരു മലയാളം അദ്ദേഹം രൂപകല്പന ചെയ്തു. അതുകൊണ്ടുതന്നെയാണ് 'പുതുമലയാണ്മതൻ മഹേശ്വരാനായി' അദ്ദേഹത്തെ കരുതുന്നതും.

**പൂന്താനം**

മലയാളത്തിലെ ഭക്തി പ്രസ്ഥാനത്തിന്റെ ഇങ്ങേയറ്റത്തെ കണ്ണിയാണ് പൂന്താനം. വ്യുല്പത്തിയെക്കാൾ ഭക്തിയായിരുന്നു പൂന്താനം നമ്പൂതിരിയിൽ മുന്നിട്ടുനിന്നിരുന്നത്. മേൽപ്പത്തൂരിൽ നിന്നും പൂന്താനം വ്യത്യസ്തനാകുന്നതും ഇക്കാരണത്താൽതന്നെ. പെരിന്തൽമണ്ണയ്ക്കടുത്ത് കീഴാറ്റൂർ എന്ന സ്ഥലത്താണ് പൂന്താനം ഇല്ലം സ്ഥിതിചെയ്യുന്നത്. ക്രിസ്തുവർഷം 1547നും 1640നും മദ്ധ്യേ ജീവിച്ചിരുന്നതായി കരുതുന്നു. തികഞ്ഞ കൃഷ്ണഭക്തനായ അദ്ദേഹത്തിന്റെ പ്രധാന ജീവിതരംഗം ഗുരുവായൂർ അമ്പലമായിരുന്നു. സംസ്കൃത ഭ്രമം തീരെയില്ലാത്ത ശുദ്ധമലയാളത്തിൽ സാധാരണക്കാർക്കുപോലും മനസ്സിലാകുന്ന രീതിയിൽ ഗഹനങ്ങളായ ജീവിതതത്ത്വങ്ങൾ അദ്ദേഹം ആവിഷ്ക്കരിച്ചു. അദ്ദേഹത്തിന്റെ ഏറ്റവും പ്രധാന കൃതിയാണ് ജ്ഞാനപ്പാന. സന്താനഗോപാലം, ശ്രീകൃഷ്ണ കർണ്ണാമൃതം എന്നീ കൃതികൾ അദ്ദേഹത്തിന്റെ ഭക്തിക്കും കവിത്വത്തിനും തെളിവാണ്. ഗഹനമായ വേദാന്തതത്ത്വങ്ങളുടെ ഹൃദയസ്പർശിയായ ആവിഷ്കാരം മാത്രമല്ല ജ്ഞാനപ്പാന. അതിൽ അന്നത്തെ സാമൂഹിക ജീവിതത്തിന്റെ ജീർണ്ണത വെളിപ്പെടുന്നു. സ്ത്രീലമ്പടന്മാരെയും ദുരാഗ്രഹികളെയും അഹങ്കാരികളെയുമെല്ലാം ഇതിൽ കാണാം. ശക്തമായ സാമൂഹിക വിമർശനമാണ് ഈ കാവ്യം. അനപത്യതാദുഃഖം ഉറഞ്ഞുകിടക്കുന്ന കാവ്യമാണ് 'കുമാരഹരണംപാന' എന്നുകൂടി പേരുള്ള സന്താനഗോപാലം. കൃഷ്ണന്റെ ബാലലീലകളാണ് ശ്രീകൃഷ്ണ കർണ്ണാമൃതത്തിലെ പ്രതിപാദ്യം. ഇതുകൂടാതെ ഒട്ടേറെ സ്തോത്രകൃതികളും പൂന്താനം രചിച്ചിട്ടുണ്ട്.

ചരിത്രപരമായി പരിശോധിച്ചാൽ സാഹിത്യത്തെ വരേണ്യവിഭാഗമേൽ ക്കോയ്മയിൽ നിന്ന് മോചിപ്പിച്ച് സാധാരണജനങ്ങളിൽ എത്തിക്കാനുള്ള പുരോഗമന ചിന്തയുടെ സാഫല്യമാണ് പൂന്താനം കവിത.

**അറബി മലയാളം**

മാപ്പിള ഭാഷയുടെ എഴുത്തുരൂപമാണ് അറബിമലയാളം. ഇത് സംസ്കൃതവും മലയാളവും കൂടിച്ചേർന്ന മണിപ്രവാള ഭാഷപോലെയുള്ള മറ്റൊരു മിശ്രഭാഷയാണ്. അറബിയും മലയാളവും മിശ്രണം ചെയ്ത് ഉണ്ടാക്കിയ അറബിമലയാളത്തിന് തനതായ ലിപിമാലയുണ്ട്. അത് മലയാളത്തിലെ ശബ്ദങ്ങൾ രേഖപ്പെടുത്താൻ പാകത്തിൽ അറബിലിപി പരിഷ്കരിച്ച് ഉണ്ടാക്കിയതാണ്. ഏറ്റവും ചുരുങ്ങിയത് അഞ്ഞൂറു വർഷത്തെ ചരിത്രവും നിരവധി-ഗദ്യപദ്യകൃതികളും ഉള്ള വിപുലമായൊരു സാഹിത്യ സമ്പത്ത് അറബി മലയാളത്തിനുണ്ട്. അതിലെ പദ്യശാഖയാണ് മാപ്പിളപ്പാട്ടുകൾ. ഈണത്തിന് പ്രാധാന്യമുള്ള മാപ്പിളപ്പാട്ടുകളിൽ അറബി മലയാളപദങ്ങൾക്കു പുറമേ കന്നഡ, സംസ്കൃതം, തമിഴ് എന്നീ ഭാഷകളിലെ പദങ്ങളും ചേർക്കുന്നു. കൂടാതെ അറബിമലയാള ഗാനശാഖ കമ്പി, കഴുത്ത്, വാൽക്കമ്പി, വാലുമ്മൽ കമ്പി എന്നിങ്ങനെയുള്ള പ്രാസ വ്യവസ്ഥയിൽ നിർബന്ധമാണ്.

**മുഹിയുദ്ദീൻമാല**

മാപ്പിള സാഹിത്യത്തിൽ ഏറ്റവും ജനകീയമായത് മാപ്പിളപ്പാട്ടുകളാണ്. അറബി മലയാള വിഭാഗത്തിലെ പദ്യശാഖയാണ് മാപ്പിളപ്പാട്ടുകൾ. ഒരു ജനസമൂഹത്തിന്റെ ചരിത്രവും സാംസ്കാരികനേട്ടങ്ങളും പ്രതീക്ഷാ നിർഭരമായ ജീവിതവും മാപ്പിളപ്പാട്ടുകളിൽ നിറഞ്ഞുനിന്ന് അവയെ ഭാവ നിർഭരമാക്കുന്നു. സംഗീതം, ശ്രുതി, മാധുര്യം, താളം, പ്രാസം, സൗന്ദര്യസങ്കല്പം, ഭാഷയുടെ ഗ്രാമശാലീനത, ലാളിത്യം തുടങ്ങിയവ മാപ്പിളപ്പാട്ടിന്റെ സവിശേഷതകളാണ്. മാപ്പിളപ്പാട്ടുകൾക്ക് മാലപ്പാട്ടുകൾ, പടപ്പാട്ടുകൾ, കെസ്സുപാട്ടുകൾ, കിസ്സപാട്ടുകൾ, കത്തുപാട്ടുകൾ, കല്ല്യാണപ്പാട്ടുകൾ, സർക്കീട്ടുപാട്ടുകൾ എന്നിങ്ങനെ പല ഉപവിഭാഗങ്ങളുമുണ്ട്. വിശുദ്ധന്മാരെ പ്രകീർത്തിക്കുന്ന പാട്ടുകളാണ് മാലപ്പാട്ടുകൾ.

കിട്ടിയിട്ടുള്ളതിൽ ഏറ്റവും പഴക്കമുള്ള മാപ്പിളപ്പാട്ട് മുഹിയുദ്ധീൻ മാലയാണ്. മുഹ്യുദ്ദീൻ അബ്ദുൾ ഖാദർ ജിലാനി എന്ന പുണ്യ പുരുഷന്റെ അപദാനങ്ങളാണ് ഇതിൽ പ്രതിപാദിക്കുന്നത്. മലയാള സംസ്കൃതങ്ങൾ ചേർന്ന് സൃഷ്ടിച്ച മണിപ്രവാളംപോലെ അറബി മലയാള ഭാഷകൾ ചേർത്ത് ഒരു സങ്കരഭാഷ സൃഷ്ടിച്ച് അതിൽ പ്രസ്തുത കാവ്യം രചിക്കുന്നു എന്ന് കവി, കവിതയുടെ മുഖവുരയിൽ പ്രസ്താവിക്കുന്നുണ്ട്. ഭക്തിമാർഗ്ഗ ത്തിലേക്ക് ജനങ്ങളെ ആകർഷിക്കാനുള്ള ഒരുപാധിയായിട്ടാണ് ഖാസിമുഹമ്മദ് ഇത് രചിച്ചത്. പട്ടിണിയും, ദുരിതവും വേട്ടയാടുന്ന കർക്കിടകനാളുകളിൽ കേരളീയ ഹിന്ദുകുടുംബങ്ങളിൽ രാമായണം വായിക്കുന്നതുപോലെ കേരളീയ മുസ്ലീം കുടുംബങ്ങളിൽ മുഹിയുദ്ദീൻമാലയും വായിക്കപ്പെട്ടു. ദൈവത്തിന് ഏറ്റവും വേണ്ടപ്പെട്ട ഒരാളും അത്ഭുതസിദ്ധികളുള്ള പുണ്യപുരുഷനുമായാണ് ഈ പാട്ടിൽ മുഹ്യുദ്ദീൻ അവതരിപ്പിക്കപ്പെടുന്നത്.

**കുഞ്ഞായിൻ മുസ്ല്യാർ**

മാപ്പിള സാഹിത്യത്തിലെ ആദ്യകാല എഴുത്തുകാരിൽ പ്രധാനിയാണ് കുഞ്ഞായിൻ മുസ്ല്യാർ. പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മുസ്ല്യാർ സാമൂതിരിപ്പാടിന്റെ കൊട്ടാരം വിദൂഷകനും തത്ത്വജ്ഞാനിയുമായിരുന്നു. മനുഷ്യശരീരത്തെ ജീവിതസാഗരത്തിൽ സഞ്ചരിക്കുന്ന കപ്പലായി നിരൂപണം ചെയ്തെഴുതിയ ഭാവസുന്ദരമായ കാവ്യമാണ് കപ്പപ്പാട്ട്. മനുഷ്യനാകുന്ന ഈ കപ്പൽ ശരിയായ മാർഗ്ഗത്തിലൂടെ ചരിക്കാൻ അനിവാര്യമായ കർമ്മാനുഷ്ഠാനങ്ങൾ കവി ഇതിൽ വിവരിക്കുന്നു. ഈ കാവ്യം കുഞ്ഞായിൻ മുസ്ല്യാരുടെ രചനാവൈഭവം, അവതരണ ചാതുര്യം, നർമ്മബോധം എന്നിവയ്ക്കെല്ലാം ഉദാഹരണമാണ്. ജീവിതമാകുന്ന കപ്പൽയാത്രയുടെ ലക്ഷ്യംതന്നെ 'കോനായനായനെ' (രാജാധിരാജനെ-ഈശ്വരനെ) കാണുക എന്നതാണ്- എന്ന് കവി അർത്ഥ ശങ്കയ്ക്കിടയില്ലാത്തവിധം പറയുന്നു. നബിതിരുമേനിയുടെ ചരിത്രവും അനിതരസാധാരണമായ സംഭവങ്ങളും വിവരിക്കുന്ന മുസ്ല്യാരുടെ ദാർശനിക ഗ്രന്ഥമാണ് 'നൂൽമദ്ഹൂം'. നമ്മുടെ ആത്മീയശേഖരത്തിന് നിസ്തുലമായ സംഭാവന നൽകിയ പ്രതിഭാധനനാണ് കുഞ്ഞായിൻ മുസ്ല്യാർ.

# മോഡ്യൂൾ –4

## ജാതിവ്യവസ്ഥയും കേരളസമൂഹവും

ആര്യാധിനിവേശത്തിനുശേഷം ആര്യന്മാരും പൂർവ്വനിവാസികളും ഒരുമിച്ചു ജീവിക്കാൻ ആരംഭിച്ചതോടെയാണ് ഇന്നുകാണുന്ന രീതിയിലുള്ള ജാതിവ്യവസ്ഥയുടെ ആരംഭം കുറിക്കുന്നത്. വർണവ്യത്യാസത്തിലാണ് ഇതിന്റെ തുടക്കം. സംഘകാലത്ത് വ്യത്യസ്ത ജാതികൾ നിലനിന്നിരുന്നുവെങ്കിലും തൊഴിൽ വിഭജനത്തിനപ്പുറത്തേക്ക് അതിന് പ്രസക്തിയുണ്ടായിരുന്നില്ല. പിന്നീട് താണ ജാതിക്കാർ എന്ന് മുദ്രയടിക്കപ്പെട്ടവരും അക്കാലത്ത് സാമൂഹ്യമായി സമന്മാരായിരുന്നു. എന്നാൽ ബ്രാഹ്മണാധിനിവേശം ശക്തിപ്പെട്ടത്തോടെ അവസ്ഥമാറി. ലോകത്ത് മറ്റെവിടെയും കാണാത്ത രീതിയിലുള്ള അതിശക്തവും മനുഷത്വരഹിതവുമായ ജാതിസമ്പ്രദായം കേരളത്തിൽ ഉടലെടുത്തു. നീതിയും നിയമവും ഇതിനെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. സവർണരായ ബ്രാഹ്മണർക്ക് വധശിക്ഷയോ തടവുശിക്ഷയോ ഉണ്ടായിരുന്നില്ല. എന്നാൽ അവർണർക്ക് മോഷണക്കുറ്റത്തിനുപോലും വധശിക്ഷ നൽകിയിരുന്നു. ബുദ്ധജൈനമതങ്ങളുടെ ക്ഷയം ഹിന്ദുമതത്തെ വളർത്തി. കൂടുതലായി ഹിന്ദുമതത്തിലേക്ക് വന്ന ആളുകളെ അവർണരാക്കി നിർത്തുന്നതിനും വൈദിക മേൽക്കോയ്മ ശ്രദ്ധപുലർത്തി. ചാതുർവർണ്യം വ്യവസ്ഥാപിതമായതോടെ ഒരു ജാതിയിൽ ജനിച്ചവർ മറ്റൊരു ജാതിയിലേക്ക് മാറുക എന്നത് അസാദ്ധ്യമായി. കർമ്മമനുസരിച്ചായിരുന്നു ജാതി വ്യവസ്ഥ തുടങ്ങിയതെങ്കിലും പിന്നീടത് ജന്മമനുസരിച്ചായി മാറി. ജാതിക്കുള്ളിലെ ജാതിയും അയിത്താചാരണവും തീണ്ടലും തൊടീലുമെല്ലാം കേരളത്തിലെ ജാതിവ്യവസ്ഥ അതിസങ്കീർണ്ണവും തികച്ചും മനുഷ്യത്വരഹിതവുമായ ഒന്നാക്കിത്തീർത്തു.

## മണ്ണാപ്പേടി, പുലപ്പേടി

തെക്കൻ തിരുവിതാംകൂറിൽ മണ്ണാപ്പേടി എന്നു പറയുന്നതാണ് വടക്ക് പുലപ്പേടി എന്നു പറഞ്ഞുവരുന്നത്. മദ്ധ്യകാലത്ത് കേരളത്തിൽ നിലനിന്നിരുന്ന ഒരു അനാചാരമാണിത്. കർക്കടക മാസത്തിൽ സന്ധ്യകഴിഞ്ഞാൽ ആൺതുണയില്ലാത്ത നായർ സ്ത്രീകൾ വീടിനു വെളിയിലിറങ്ങുകയില്ലായിരുന്നു. കാരണം വീടിനു പുറത്തുവെച്ച് താഴ്ന്ന ജാതിയിൽപ്പെട്ട ഒരാൾ നായർ സ്ത്രീയെ തൊടുകയോ അവളുടെ ശരീരത്തിൽ കല്ലോ, കമ്പോ എറിഞ്ഞുകൊള്ളിക്കുകയോ, എവിടെയങ്കിലും നിന്ന് 'കണ്ടേ' എന്നു വിളിച്ചു പറയുകയോ ചെയ്താൽ അവൾക്ക് ജാതിഭ്രഷ്ട് സംഭവിക്കുമായിരുന്നു. ഇങ്ങനെയുള്ള സ്ത്രീകളെ വീട്ടിലുള്ളവർ പിന്നെ സ്വീകരിക്കുമായിരുന്നില്ല. അവൾ മണ്ണാന്റെ കൂടെ പൊയ്ക്കൊള്ളണം. മണ്ണാപ്പേടിയെപ്പറ്റി ആധികാരികമായി ആദ്യം സൂചിപ്പിക്കുന്നത് ബർബോസയാണ്. ബ്രീട്ടീഷ് ഭരണകാലം വരെ മലബാറിൽ ഈ ആചാരം നിലനിന്നിരുന്നു. എന്നാൽ വേണാട്ടിൽ രാജാവായ കോട്ടയം കേരളവർമ്മ എന്ന ഉണ്ണിക്കേരളവർമ്മ ഒരു വിളംബരത്തിലൂടെ ഇത് നിർത്തലാക്കി. തിരുവിതാംകോട് ശിലാശാസനം അതിന്റെ ആധികാരിക രേഖയാണ്.

## അയിത്തം

'അശുദ്ധം' എന്ന സംസ്കൃതപദത്തിന്റെ തത്ഭവമാണിത്. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ എന്നു രണ്ടുതരത്തിൽ അയിത്തം ഉണ്ട്. ഉയർന്ന ജാതിക്കാരും താഴ്ന്ന ജാതിക്കാരും മാത്രമല്ല താഴ്ന്ന ജാതിക്കാർക്കിടയിൽതന്നെ ഭിന്നവിഭാഗക്കാർ തമ്മിലും അയിത്തം ആചരിച്ചിരുന്നു. കേരളത്തിൽ ബ്രാഹ്മണാധിപത്യത്തിന്റെ ഫലമായി ജാതിവ്യവസ്ഥ നീക്കുപോക്കില്ലാത്ത രീതിയിൽ ആയതോടെയാണ് അയിത്താചരണവും ആരംഭിച്ചത്. സംഘകാലത്ത് ജാതികൾ ഉണ്ടായിരുന്നെങ്കിലും അയിത്താചാരണം ഉണ്ടായിരുന്നതായി കരുതുന്നില്ല. ഇന്ത്യയിൽ പൊതുവായും കേരളത്തിൽ സവിശേഷമായും ഇത് നിലനിന്നിരുന്നു. 'ഭ്രാന്താലയം' എന്ന് സ്വാമി വിവേകാനന്ദൻ വിളിക്കത്തക്ക രീതിയിൽ കഠിനമായിരുന്നു കേരളത്തിലെ അയിത്താചരണം. അതിനാൽത്തന്നെ കേരളത്തിലെ സാമൂഹിക പരിഷ്കരണ

പ്രസ്ഥാനങ്ങളിൽവെച്ച് ഏറ്റവും ശക്തമായ ഒന്നായിരുന്നു അയിത്തോച്ചാടന പ്രക്ഷോഭണം. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസ് ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി അയിത്തോച്ചാടന ശ്രമങ്ങളെയും കണ്ടു. കേരളത്തിൽ ഈ പ്രസ്ഥാനത്തിന് ചുക്കാൻ പടിച്ചത് ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, കുമാരനാശാൻ തുടങ്ങിയ സാമൂഹിക പരിഷ്കർത്താക്കളും എസ്.എൻ.ഡി.പി, എൻ.എസ്.എസ് തുടങ്ങിയ സംഘടനകളും ആയിരുന്നു. 'മിതവാദി' പത്രാധിപർ സി. കൃഷ്ണൻ, ടി.കെ. മാധവൻ, മന്നത്തു പത്മനാഭൻ, കെ.പി. കേശവമേനോൻ കെ.കേളപ്പൻ എന്നിവർ അയിത്തത്തി നെതിരായ സമരമുഖത്തെ പ്രധാന നേതാക്കന്മാർ ആയിരുന്നു. പൊതുനിരത്തു കളിൽ അവർണ്ണർക്ക് നടക്കുന്നതിനും ക്ഷേത്രപ്രവേശനത്തിനു വേണ്ടിയും നിരവധി സമരങ്ങൾ ഉണ്ടായി. വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം, പാലിയം സമരം എന്നിവ ഉദാഹരണങ്ങളാണ്. 1936 നവംബർ 12ാം തീയ്യതി തിരുവിതാംകൂർ രാജാവ് ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ നടത്തിയ ക്ഷേത്രപ്രവേശന വിളംബരം 'ആധുനിക കാലത്തെ അത്ഭുത'മായി പുകഴ്ത്തപ്പെട്ടു. ഇന്ത്യ സ്വതന്ത്രമായപ്പോൾ അയിത്താചരണ നിയമംമൂലം നിർത്തൽ ചെയ്തു.

**കളരി**

കേരളത്തിൽ നൂറ്റിയെട്ടു കളരികളും അവിടേക്കു കളരി ദേവതകളെയും പരശുരാമൻ കല്പിച്ചു എന്ന് 'കേരളോൽപത്തി'യിൽ പറയുന്നുണ്ട്. മധ്യകാല കേരളത്തിൽ യുവാക്കൾക്ക് ആയുധപരിശീലനം നൽകിപ്പോന്ന സ്ഥലങ്ങളാണ് കളരികൾ. നായന്മാരും, ഈഴവരും ആയിരുന്നു ഇതിൽ സംബന്ധിച്ചിരുന്ന വിഭാഗങ്ങൾ. ഇവിടെ സ്ത്രീകൾക്കും പ്രവേശനം നൽകിയിരുന്നു. നാടുവാഴികളായിരുന്നു ഭരണം നടത്തിയിരുന്നത് എങ്കിലും സൈന്യം മാടമ്പിമാരുടെ കൈകളിലായിരുന്നു. യുദ്ധോവസരങ്ങളിൽ സൈന്യസഹായം ചെയ്യുന്നതിനായി അവർ നിർത്തിയിരുന്ന സൈന്യം ഇത്തരം പരിശീലനം കഴിഞ്ഞവരാ യിരുന്നു. ഓരോ കളരിയിലും അയോധനമുറകളിൽ തഴക്കവും പഴക്കവുമുള്ള ഒരാൾ ആശാനായി ഉണ്ടായിരിക്കും. കളരിയാശാൻ, പണിക്കർ, കുറുപ്പ്, ഗുരുക്കൾ എന്നിങ്ങനെയായിരിക്കും ഇദ്ദേഹം അറിയപ്പെടുന്നത്. കുറുവടി, ദണ്ഡ്, വാൾ, കുന്തം, ചുരിക, ഉറുമി എന്നീ ആയുധങ്ങൾ പ്രയോഗിക്കാനുള്ള വിദഗ്ദ്ധ പരിശീലനം കളരികളിൽ നൽകപ്പെട്ടിരുന്നു.

നുറ്റാണ്ടുകാലം നിലനിന്ന ചേര-ചോള യുദ്ധം കേരള ജനതയിലുളവാക്കിയ രാജ്യ സ്നേഹത്തിന്റെ ഫലമാണ് കളരി സമ്പ്രദായം. ബ്രാഹ്മണാധിപത്യത്തിനുശേഷവും അത് തുടർന്നു പോരുകയാണുണ്ടായത്. വടക്കൻ പാട്ടുകളിൽ വികസിക്കുന്ന കാലഘട്ടം കളരികൾ പ്രചാരത്തിലുണ്ടായിരുന്ന കാലമായിരുന്നു. ഉത്തരകേരളത്തിലെ കടത്തനാടായിരുന്നു കളരികളുടെ പ്രമുഖകേന്ദ്രം.

**അങ്കം**

കേരളത്തിലെ മദ്ധ്യകാലഘട്ടത്തിലെ നീതിന്യായ സംവിധാനങ്ങൾ കൈയ്യൂക്കുമായി ബന്ധപ്പെട്ടാണ് നിലനിന്നിരുന്നത്. രണ്ട് കക്ഷികൾ തമ്മിലുള്ള അഭിപ്രായവ്യത്യാസം തറക്കൂട്ടത്തിനോ നാട്ടുക്കൂട്ടത്തിനോ തൃപ്തികരമായി പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിൽ ആ കക്ഷികൾ അങ്കംവെട്ടി കാര്യത്തിന് തീർപ്പുണ്ടാക്കുകയാണ് ചെയ്തിരുന്നത്. കക്ഷികൾതന്നെ നേരിട്ട് അങ്കംവെട്ടണമെന്നുണ്ടായിരുന്നില്ല. അവർക്കുവേണ്ടി ആയുധ പ്രയോഗത്തിൽ വൈദഗ്ദ്ധ്യമുള്ള ചേകവന്മാരെ നിയോഗിച്ചാലും മതിയായിരുന്നു. പുത്തൂരം വീട്ടിലെ ആരോമൽ ചേകവർ, മകൻ ആരോമലുണ്ണി, തച്ചോളി മാണിക്കോത്തു വീട്ടിലെ ഒതേനൻ അനന്തരവൻ ചന്തു എന്നിവർ പ്രശസ്തരായ ചേകവന്മാർ ആയിരുന്നു. അങ്കത്തെക്കുറിച്ച് നേരത്തേ നാടുവാഴിയെ അറിയിച്ച് 'നാട്ടുകിഴി' കൊടുക്കണമായിരുന്നു. അങ്കത്തിനുള്ള ഒരുക്കങ്ങൾ ചെയ്തിരുന്നത് നാടുവാഴിയാണ്.

**പൊയ്ത്ത്**

അങ്കത്തിൽ നിന്ന് വ്യത്യസ്തമായ ഒന്നാണ് ‘പൊയ്ത്ത്’. രണ്ട് വ്യക്തികളോ ദേശങ്ങളോ തമ്മിലുള്ള സ്വകാര്യ മത്സരമായിരുന്നു അത്. ആയതിനാൽത്തന്നെ പൊയ്ത്തിനെക്കുറിച്ച് പൊതുജനങ്ങൾക്കും നാടുവാഴികൾക്കും അറിവു നൽകേണ്ട ആവശ്യമുണ്ടായിരുന്നില്ല. തച്ചോളി ഒതേനനും കതിരൂർ കരുക്കളും തമ്മിൽ നടന്ന പൊയ്ത്ത് പ്രസിദ്ധമാണ്. ‘കുടിപ്പക’ പലപ്പോഴും പൊയ്ത്തിലേക്ക് നയിക്കുകയോ പൊയ്ത്തിലൂടെ അവസാനിക്കുകയോ ചെയ്യാറുണ്ട്. ഒരാൾ മറ്റൊരാളെ വധിക്കുകയോ ഉപദ്രവിക്കുകയോ ചെയ്താൽ മർദ്ദനത്തിനിരയായ ആളുടെ കുടുംബക്കാർ അത് ചെയ്തവന്റെ കുടുംബത്തോട് ശാശ്വതമായ വൈരം പുലർത്തിപ്പോന്നിരുന്നു. ഇതിനെയാണ് കുടിപ്പക എന്നു പറയുന്നത്. വടക്കൻപാട്ടുകളിൽ കുടിപ്പകയുടെ ചരിത്രത്തിന് എത്രവേണമെങ്കിലും ഉദാഹരണം കാണാം.

**വടക്കൻ പാട്ടുകൾ**

മലയാളത്തിലെ വീരകഥാഗാനങ്ങളിൽ മുഖ്യയിനമാണ് വടക്കൻപാട്ടുകൾ. അക്കാലത്തെ കേരളീയ ജീവിതത്തെക്കുറിച്ചുള്ള വസ്തുതകൾ മനസ്സിലാക്കാനുള്ള ഒരുപാധികൂടിയാണിത്. കളരിസമ്പ്രദായം കേരളീയ സാമൂഹ്യജീവിതത്തിന്റെ അവിഭാജ്യഘടകമായിരുന്ന ഒരു കാലഘട്ടത്തിന്റെ പ്രതിഫലനമാണ് ഈ പാട്ടുകളിൽ കാണുന്നത്. അതിൽ നിറഞ്ഞിരിക്കുന്നത് വീരചരിതങ്ങളാണ്. ഉത്തര കേരളത്തിലെ കടത്തനാടാണ് ഇതിന്റെ പ്രഭവകേന്ദ്രം. കൂടാതെ കോലത്തുനാട്, വടകര, നാദാപുരം എന്നീ പ്രദേശങ്ങളും ഈ വീരകഥാഗാനങ്ങളിൽ ഉൾപ്പെട്ടിരുന്നു. ആയുധ വിദ്യാവിദഗ്ദ്ധരായിരുന്ന തച്ചോളി ഒതേനനെയും ആരോമൽ ചേകവരെയും കുറിച്ചാണ് പലപാട്ടുകളും. ഒതേനനെക്കുറിച്ചുള്ള പാട്ടുകൾ തച്ചോളിപ്പാട്ടുകൾ എന്നും, ആരോമൽച്ചേകവർ, ഉണ്ണിയാർച്ച എന്നിവരെക്കുറിച്ചുള്ള പാട്ടുകൾ പുത്തൂരം പാട്ടുകൾ എന്നും അറിയപ്പെടുന്നു. അജ്ഞാത കർത്തൃകങ്ങളായ ഇവ ആദ്യം സമാഹരിച്ചതു പേഴ്സിമാകിൻ ആണ്.

**ഓണം**

കേരളത്തിന്റെ ദേശീയോത്സവമാണ് ഓണം. ചിങ്ങമാസത്തിൽ അത്തം മുതൽ ഓണാഘോഷം തുടങ്ങുന്നു. വിഷ്ണു വാമനാവതാരത്തിലെത്തി അസുര ചക്രവർത്തിയായ മഹാബലിയെ മൂന്നടിമണ്ണ് ദാനമായി ചോദിച്ചുകൊണ്ട് പാതാളത്തി ലേക്ക് ചവിട്ടിത്താഴ്ത്തി എന്നും ധർമ്മിഷ്ഠനായ മഹാബലിയ്ക്ക് വർഷത്തിലൊരി ക്കൽ തന്റെ പ്രജകളെ കാണാൻ വരുന്നതിനുള്ള അനുവാദം കൊടുത്തു എന്നുമാണ് ഓണത്തെക്കുറിച്ചുള്ള ഐതിഹ്യം. കേരളത്തിലെ ആര്യാധിനിവേശത്തിന്റെ ഫലമായി ദ്രാവിഡർക്കുണ്ടായ അപചയത്തെക്കുറിക്കുന്ന ഒന്നായും വിളവെടുപ്പുമായി ബന്ധപ്പെടുത്തിയും പുതുവർഷാഘോഷമായി സംയോജിപ്പിച്ചും ഓണത്തെക്കുറിച്ച് ചിന്തിക്കാറുണ്ട്. മാങ്കുടി മരുതനാരുടെ ‘മധുരൈകാഞ്ചി’യിൽ ഓണത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. കേരളത്തിൽ ഭാസ്കരരവിവർമ്മയുടെ കാലത്താണ് ഓണം ആരംഭിച്ചത് എന്ന് പറയപ്പെടുന്നു. ഓണാഘോഷവുമായി ബന്ധപ്പെട്ട സവിശേഷമായ ചടങ്ങാണ് കൊച്ചിരാജാവിന്റെ അത്തച്ചമയ ഘോഷയാത്ര. തൃക്കാക്കര ക്ഷേത്രത്തിലെ ഉത്സവകാലം കൂടിയാണിത്. ‘അത്തം പത്തോണം’ എന്നാണ് ചൊല്ല്. അത്തം മുതൽ ഓണം വരെ പത്തുദിവസം വീടുകളിൽ കന്യകമാർ വൃത്താകൃതിയിൽ പൂവിടുന്നു. തുമ്പയും മുക്കുറ്റിയുമാണ് ഇതിൽ മുഖ്യം, തുടർന്ന് തൃക്കാക്കരയപ്പനെ പ്രതിഷ്ഠിക്കും, അടനേദിക്കും കുരവയിടും. തിരുവോണനാളിൽ വിഭവസമൃദ്ധമായ സദ്യ ഉണ്ടാകും. കൈകൊട്ടിക്കളി, പന്തുകളി, ഊഞ്ഞാലാട്ടം, വള്ളംകളി, ഓണത്തല്ല്, പുലിക്കളി എന്നീ വിനോദങ്ങളും ഓണത്തോടനുബന്ധിച്ച് നടന്നുവരുന്നു.

**വിഷു**

വിഷു മലയാളികളുടെ പുതുവത്സരമാണ്. മേടമാസം ഒന്നാം തീയ്യതിയാണ് വിഷു ആഘോഷിക്കാറ്. അപ്പോൾ സൂര്യൻ മീനം രാശിവിട്ടു മേടം രാശിയിൽ കടക്കുന്നു. അന്ന് രാപ്പകലുകൾക്ക് തുല്യദൈർഘ്യം ആയിരിക്കും. രാവണ നിഗ്രഹസ്മരണയാണ് വിഷു എന്നും പറഞ്ഞുവരുന്നു. ഇതൊരു കാർഷികോത്സവം കൂടിയാണ്. വിഷുവിന് കൃഷിയുടെ പ്രാരംഭമായി നിലം ഉഴുതുന്ന ചടങ്ങാണ് വിഷുച്ചാൽ ഉഴൽ. വിഷുവിനെ സംബന്ധിച്ചുള്ള ആദ്യപരാമർശം ഭാസ്കരരവിയുടെ തൃക്കൊടിത്താനം ശാസനത്തിൽ കാണാം. കലിവൽസരത്തിന്റെ പ്രാരംഭമാണ് വിഷു എന്നുപറയുന്നത്. വിഷുവിന്റെ പ്രധാന ചടങ്ങുകളാണ് വിഷുക്കൈനീട്ടവും, വിഷുക്കണിയും. ഒരു ഉരുളിയിൽ ഉണക്കലരിനിരത്തി അതിൽ കണിവെള്ളരിയും ഗ്രന്ഥവും കൊന്നപ്പൂവും നാളികേരമുറിയും വയ്ക്കുന്നു. കൂടാതെ നിലവിളക്ക്, പഴുക്കടയ്ക്ക, ചക്ക, വാൽക്കണ്ണാടി എന്നിങ്ങനെ മറ്റു വസ്തുക്കളും ചേർത്ത് കണിപൊലിപ്പിക്കുന്നു. അതിരാവിലെ വീട്ടിലെ എല്ലാം അംഗങ്ങളും കണി കാണുകയും തുടർന്ന് സസ്യാദികളെയും വളർത്തുമൃഗങ്ങളെയും കണികാണിക്കുകയും ചെയ്യുന്നു. പിന്നീട് പടക്കം പൊട്ടിക്കും ശേഷം കാരണവർ കുടുംബത്തിലെ എല്ലാവർക്കുംവ വിഷുകൈനീട്ടം നൽകും. വർഷം മുഴുവൻ നീളുന്ന വിഷുഫലവും കൃഷി തുടങ്ങേണ്ട മുഹൂർത്തം കുറിക്കലും ഇതേതുടർന്ന് നടക്കും. ഉച്ചയ്ക്ക് വീടുകളിൽ സദ്യയൊരുക്കും. ചക്ക, മാങ്ങ, വെള്ളരി വിഭവങ്ങൾക്ക് സദ്യയിൽ പ്രാമുഖ്യം ഉണ്ടായിരിക്കും. നാളികേരം കൊത്തിയിട്ട കഞ്ഞിയും, ശർക്കരയും പച്ചരി നാളികേരപ്പാലിൽ കുറുക്കിയ വിഷുക്കട്ടയും ശർക്കരപ്പാനിയും പ്രധാന വിഷു വിഭവങ്ങളാണ്.

**മാമാങ്കം**

പന്ത്രണ്ട് വർഷത്തിലൊരിക്കൽ ഭാരതപ്പുഴയുടെ തീരത്ത് തിരുനാവായയിൽ വെച്ചു നടത്തിയിരുന്ന ഉത്സവം. മാഘമകം ആണത്രേ മാമാങ്കം ആയത്. ബുദ്ധന്റെ ജന്മദിനാഘോഷം എന്ന നിലയിലാണ് ചടങ്ങുകൾ തുടങ്ങിയതെന്ന് ഒരഭിപ്രായമുണ്ട്. കുംഭകോണത്തു നടന്നിരുന്ന ചോളന്മാരുടെ സ്നാനോത്സവമാണ് ചോള പ്രതിനിധിയായ സ്ഥാണുരവി. തിരുനാവായയിൽ ആരംഭിച്ച മാമാങ്കം എന്നൊരു പക്ഷവും ഉണ്ട്. പെരുമാൾ ഈ അവകാശം പെരുമ്പടപ്പു സ്വരൂപത്തിനു നൽകി. പിന്നീടത് വള്ളുവക്കോനാതിരിക്ക് ലഭിച്ചു. തുടർന്ന് ആ സ്ഥാനം സാമൂതിരി പിടിച്ചടക്കി. ഇതാണ് ചരിത്രം. അതിനാൽത്തന്നെ സാമൂതിരി നിലപാടുതറയിൽ എഴുന്നള്ളുമ്പോൾ വള്ളുവക്കോനാതിരി ഒഴികെ മറ്റെല്ലാ കേരളരാജാക്കന്മാരും അടിമക്കൊടി കൊടുത്തയച്ച് സാമൂതിരിയുടെ അധീശത്വം അംഗീകരിച്ചിരുന്നു. വള്ളുവക്കോനാതിരി ചാവേർ പടയെയാണ് പകരം അയച്ചിരുന്നത്. അവർ പടവെട്ടി വീരമൃത്യു വരിച്ചിരുന്നു. തന്റെ പ്രതിഷേധം ഇത്തരത്തിലാണ് വള്ളുവക്കോനാതിരി പ്രകടമാക്കിയിരുന്നത്. മാമാങ്കത്തോടെ എല്ലാ ഭൂമികൈമാറ്റ പ്രമാണങ്ങളും അസാധുവാകും. പിന്നീട് അവ പുതുക്കേണ്ടിയിരുന്നു. അവസാനത്തെ മാമാങ്കം നടന്നത് 1766ലോണെന്ന് വിശ്വസിക്കപ്പെടുന്നു.

**രേവതിപട്ടത്താനം**

തുലാമാസത്തിലെ രേവതീനക്ഷത്രത്തിൽ കോഴിക്കോട്ട് തളിയിൽ ക്ഷേത്രത്തിൽവെച്ച് സാമൂതിരിയുടെ സംരക്ഷണയിൽ നടക്കുന്ന സപ്തദിന വിദ്യുത്സദസ്സാണ് രേവതീ പട്ടത്താനം. ഇതിൽ വെളിയിൽ നിന്നുപോലും വിദ്വാന്മാർ പങ്കെടുത്തിരുന്നു. വാദപ്രതിവാദങ്ങളിൽ അനിതരസധാരണമായ പാണ്ഡിത്യം പ്രകടമാക്കുന്ന പണ്ഡിത വരേണ്യന്മാർക്കു ഭട്ടസ്ഥാനം (പട്ടത്താനം) നൽകിവന്നു. എട്ടാംദിവസം സാമൂതിരിയാണ് പട്ടത്താനവും പണക്കിഴിയും നൽകിയിരുന്നത്. മീമാംസ, വ്യാകരണം, വേദാന്തം എന്നീ വിഷയങ്ങളിലാണ് ചർച്ച നടന്നിരുന്നത്. ഇതിൽ കേരളത്തിലെ എല്ലാം സഭാമഠങ്ങളുടെയും പ്രതിനിധികൾ പങ്കെടുത്തിരുന്നു. വിധികർത്താക്കളിൽ പ്രമുഖൻ പയ്യന്നൂർ മനയ്ക്കലെ പ്രധാനിയായിരുന്നു.